
എസ്. എൻ. ഡി. പി. എച്ച്. എസ്. എസ്.
ചെന്നീർക്കര



# പട്ടം

മാഗസിൻ – 2019

little KITEs



ഒരു ജാതി ഒരു മതം ഒരു ദൈവം
പരമാർത്ഥ വേദാന്തം സഫലമായ്ത്തീരാൻ
അഖിലാധിനായകാ തവതിരുമുമ്പിൽ
അഭയമായ് ഞാനിതാ പ്രണമിപ്പു നിത്യം

**അഖിലാണ്ഡ മണ്ഡലം – പന്തളം കെ.പി. രാമൻപിള്ള**

**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

നം.80/പ്രസ്/സി.എം.ഒ/2019. ജനുവരി 22, 2019.



## <u>സന്ദേശം</u>

പത്തനംതിട്ട ചെന്നീർക്കര എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളുടെ ഐടി കൂട്ടായ്മയായ Little Kites 'പട്ടം' എന്ന പേരിൽ ഒരു സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**



# MESSAGE

*I am glad to see that our students have come up with beautiful edition of our school magazine "PATTAM". It is with immense pleasure that I am writing this message.*

*Students are always considered as the 'Soul' of an Institution. There fore it is quite necessary to mould their creative literary and artistic talents in addition to the academic activities. This Magazine has definitely served as the right platform for the students to exhibit their talents . I use this opportunity to appreciate all the students and teachers who have worked hard to bring this magazine beautifully utilizing their potentials to the maximum.*

V.K Sajeev
*School Manager*



# MESSAGE

*It gives me great pleasure to know that "PATTAM", (S.N.D.P.H.S.S Chennerkara magazine 2018-19) is ready for publication. True to its name this magazine gives an insight in to the range and scope of imagination and creativity of our students. I applaud this editorial team for the hard work and dedication they have invested in realizing this goal and wish my dear students success in all future endeavours.*

*Mathew Philip*
*PTA President*



# സന്ദേശം

ഒരു വർഷം കൂടി കടന്നുപോകുകയാണ്... ഒപ്പം 65 വർഷങ്ങൾ പിന്നിട്ട ചെന്നീർക്കര എസ്.എൻ.ഡി.പി സ്കൂളിന്റെ ചരിത്രത്തിൽ ഒരു താൾകൂടി ചേർക്കുന്നു...

നമ്മുടെ വിദ്യാഭ്യാസ രംഗം സമഗ്രമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് നമ്മുടെ സ്കൂളും ഈ മാറ്റത്തോടൊപ്പം ചേരുകയാണ്. വിദ്യാർത്ഥികളുടെ ഓരോ വിജയവും ആഘോഷിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും സന്തോഷകരമാണ്-നമ്മുടെ നേട്ടങ്ങളുടെ പട്ടികയിലെ ഒരു പൊൻതൂവൽ കൂടിയാവുകയാണ് പട്ടം എന്ന മാഗസിൻ. കേരളത്തിലെ മുൻ നിര വിദ്യാലയങ്ങളോടൊപ്പം എത്താനുള്ള ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും....

എസ്. ഷീബ
ഹെഡ്മിസ്ട്രസ്

# എഡിറ്റോറിയൽ ബോർഡ്



അലീന ഉല്ലാസ്



വൈഷ്ണവി എം.



ശിവജ്യോതി ബി.



അരുന്ധതി എ.



അശ്വിനി എസ്.



ദേവസ്മൃതി എ.എസ്



നിരഞ്ജന യു.



കാവ്യ എസ്. നായർ

# സ്കൂൾ പാർലമെന്റ്





# എഡിറ്റോറിയൽ

അക്ഷരങ്ങൾ അടിച്ചു കൂട്ടിയ പുസ്തകം എന്നതിലുപരി ഒരു അദ്ധ്യായന വർഷത്തിലെ ഓർമ്മകളടങ്ങിയ താളുകൾ ആണ് ഈ മാഗസിന്റെ ജീവൻ.


ഒരു കാലഘട്ടത്തിന്റെ  പൊളിച്ചെഴുത്തുകൾ നടക്കുന്നത് വിദ്യാലയത്തിലൂടെയാണ്.

നമ്മുടെ വിദ്യാലയത്തിലെ ഒരു കൂട്ടം വിദ്യാർത്ഥികളുടെ ചിന്തകളും സ്വപ്നങ്ങളും ഭാവനകളും അക്ഷരത്തിൻ ചിറകിലേറി പറന്നിറങ്ങുന്നു.... ഒരു പട്ടം പോലെ......

സാമൂഹിക അനാചാരങ്ങളിൽ നിന്നും ചിതലരിച്ച ചിന്തകിൽ നിന്നും ഒരു പുത്തൻ പ്രതീക്ഷയിലേക്കുള്ള വെളിച്ചം വിദ്യാലയത്തിൽ നിന്നാണ് ലഭിക്കേണ്ടത് അറിവും, അക്ഷരങ്ങളും, സൗഹൃദവും, സന്തോഷവും നിറഞ്ഞ വിദ്യാലയജീവിതത്തെ അനശ്വരമാക്കുന്ന സുന്ദര നിമിഷങ്ങളുടെ ഓർമ്മകൾ അക്ഷരങ്ങളായി പട്ടത്തിലൂടെ പുനർജനിക്കുന്നു.

അക്ഷരങ്ങളോട് ആർത്തിപൂണ്ട് നിഷ്കളങ്ക ബാല്യത്തിന്റെ ഹൃദയത്തുടിപ്പിൽ നിന്നും ഉയർന്നു വന്ന ചിറകുകൾ കോർത്തിണക്കിയപ്പോൾ പട്ടത്തിനു മനോഹാരിതയേറി. കാലം എത്ര വേഗത്തിൽ വീശിയാലും കുരുക്കു വീഴാതെ ഓർമ്മ നൂലുപൊട്ടാതെ മനസ്സിൽ അങ്ങനെ പാറിക്കളിക്കട്ടെ നമ്മുടെ ഈ പട്ടം.

വൈഷ്ണവി എസ്. വിജു
മാഗസിൻ എഡിറ്റർ




# പട്ടം പറക്കുമ്പോൾ...


| | | |
|---|---|---|
| നവോത്ഥാന കേരളം | ദേവസ്മൃതി എ.എസ് | 10 |
| ചിറകൊടിഞ്ഞ സ്വപ്നങ്ങൾ | കാവ്യാ എസ്.നായർ | 11 |
| Ship of Love | Siva jyothi .B | 12 |
| പുഴ മരിക്കുമ്പോൾ | ചൈതന്യ എസ്. | 13 |
| ഒരു മഴ തോരുമ്പോൾ | നിരഞ്ജന യു. | 14 |
| ഫലിതകഥകൾ | അരുന്ധതി എ. | 16 |
| Puzzle 1 | Arjun R Nair | 17 |
| मैं बादल बन जाऊँ | Navyanth V.U | 18 |
| हमारा घर | Dhaya V.S | 18 |
| Maths Puzzle | Mahitha Madhu K. | 19 |
| അമ്മ | ആരോൺ ജയിംസ് ജോർജ്ജ് | 20 |
| വിശപ്പിന്റെ വിളി | ധനുഷ് റ്റി. മനോജ് | 20 |
| Concept of Health | Alka S Panicker | 21 |
| മൊബൈലിന്റെ സ്വാധീനം കുട്ടികളിൽ | അഭിഷേക് സതീഷ് | 22 |
| പ്രത്യാശ | അദ്വൈത് ബി. | 23 |
| ഇനി അൽപം കുസൃതി | ആര്യ സുദർശൻ | 24 |
| Diary entry of a girl | Brighty Biju | 25 |
| Time | Reeba George | 26 |
| Secret of Night | Devu Dileep Divakaran | 26 |
| യാത്രാമൊഴി | വൈഷ്ണവി എസ്.വിജു | 27 |
| Human Blood Groups And Their Inheritance | Alka S Panicker | 32 |
| Can I Talk To Machines | Sivajyothi B. | 33 |
| അയ്യങ്കാളി കഥ ഹൃദയത്തിലൊരു തീപ്പൊരി | അലീനരാജൻ | 34 |
| History at The Museum | Dhaya Dileep | 35 |
| Life is What ? | Ananya Anil | 35 |
| ഇന്നലെ... ഇന്ന്...നാളെ.... | ഷിജിമോൾ എസ്. | 36 |
| അറിവിന്റെ വിസ്മയ ജാലകം | ബ്രിറ്റി ബിജു | 37 |
| ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട് | ശിവജ്യോതി | 43 |
| സ്കൂൾ റിപ്പോർട്ട് | രാജിത ആർ., ആര്യ ആർ. | 44 |

നടക്കില്ല ഞങ്ങൾ പുറകോട്ട്
ആരും തന്നതല്ല നേടിയെടുത്തതാണ്

# നവോത്ഥാന കേരളം







സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്നു വിശേഷിപ്പിച്ച കേരളം അനാചാരത്തിന്റെ ഇരുളടഞ്ഞ ഏടുകളിൽ നിന്ന് പൊരുതി കയറിയത് സുദീർഘമായ നവോത്ഥാന പോരാട്ടങ്ങളിലൂടെയാണ്.

ശ്രീ നാരായണ ഗുരുവിന്റേയും, അയ്യൻകാളിയുടേയും, പൊയ്കയിൽ യോഹന്നാന്റെയും, കെ.പി കറുപ്പന്റെയും, ചട്ടമ്പിസ്വാമികളുടേയും വി.ടി ഭട്ടതിരിപ്പാടിന്റെയും ഇ.എം എസിന്റേയും സി. കേശവന്റെയും പി. കൃഷ്ണപിള്ളയുടേയും എ.കെ.ജിയുടേയും മന്നത്തുപത്മനാഭവന്റെയും ടികെ മാധവന്റെയുമെല്ലാം സാമൂഹിക പരിഷ്കരണസമരങ്ങളിലൂടെയാണ് കേരളം സവർണ്ണ മാടമ്പിമാരുടെ അടിച്ചമർത്തലിൽ നിന്നു മോചനം നേടിയെടുത്തത്.

**വിധവാവിവാഹം**
**സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശം**
**അധഃസ്ഥിത ജനവിഭാഗക്കാരെന്ന് ആരോപിക്കപ്പെട്ടവരുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം**
**വഴിയിലൂടെ നടക്കാനുള്ള അവകാശം.**

എന്തിനേറെ പറയുന്നു മാറുമറയ്ക്കാനുള്ള അവകാശം പോലും ഇല്ലാതിരുന്ന കേരളമായിരുന്നു. മൃഗങ്ങൾക്ക് നടക്കാവുന്ന വഴിയിൽ മനുഷ്യർക്ക് നടക്കാൻ അവകാശമില്ല. അതാണ് ആചാരം, മാറുമറയ്ക്കാനുള്ള അവകാശത്തിനു വേണ്ടി ജീവൻ ത്യജിച്ച നങ്ങേലിയെ നമുക്കറിയാം. താഴ്ന്ന ജാതിയിൽ പെട്ടതാണ് വിദ്യ അഭ്യസിക്കാൻ പാടില്ല എന്ന അനാചാരത്തെ ലംഘിച്ചുകൊണ്ട് വിദ്യാലയത്തിൽ പഠിക്കാൻ എത്തിയ പഞ്ചമിയെ അറിയാം. അന്ന് പഞ്ചമിയിരുന്ന ബഞ്ച് മേലാളന്മാർ അഗ്നിക്കിരയാക്കി.

വൈക്കം ക്ഷേത്രമതിലിനോട് കൂടിയുള്ള പൊതുവഴിയിലൂടെ അവർണർക്ക് നടക്കാനുള്ള അവകാശത്തിനു വേണ്ടി ആരംഭിച്ച സത്യാഗ്രഹം കേരളത്തിലാകെ നവോത്ഥാന പോരാട്ടത്തിന്റെ അലകളിളക്കി. യുവജനസഭയുടെ നേതൃത്വത്തിൽ നമ്പൂതിരിമാരുടെ ഇടയിലും അന്ധവിശ്വസത്തിനും അനാചാരത്തിനുമെതിരെ പോരാട്ടങ്ങൾ അരങ്ങേറി, പൂണൂൽ പൊട്ടിച്ചെറിയുക, കുടുമ വെട്ടിക്കളയുക, സ്ത്രീകൾ മറക്കുടയും മറ്റും ചൂടുക എന്നീ സമ്പ്രദായം അവസാനിപ്പിക്കുക, വിധവാ വിവാഹത്തിനു വേണ്ട പ്രചാരവേല നടത്തുക, വൃദ്ധന്മാർ ബാലികമാരെ വിവാഹം ചെയ്യുന്നതിനെ സത്യാഗ്രഹ മുറയിലും ബലം പ്രയോഗിച്ചും തടയുക എന്നതൊക്കെയായിരുന്നു യുവ പരികഷ്ക്കർത്താക്കളുടെ പദ്ധതി. പലരും കുടുമ മുറിച്ച് കത്തിച്ച് അതിന്റെ ചാരം യഥാസ്ഥിതിക പ്രമാണിമാർക്ക് അയച്ചുകൊടുക്കുക പോലും പതിവായിരുന്നു.

സുഹൃത്തുക്കളെ നമ്മുടെ കൊച്ചു പത്തനംതിട്ട ജില്ലയിലെ പുല്ലാട് ഗവ.യു.പി.എസിനും ഉണ്ട് ഒരു ചരിത്രകഥ പറയാൻ, നവോത്ഥാനത്തിന്റെ ചരിത്രം. അധഃസ്ഥിത വിഭാഗത്തിലെ കുട്ടികൾ വിദ്യ അഭ്യസിക്കാൻ എത്തിയെന്ന പേരിൽ മേലാളന്മാർ ഒറ്റ രാത്രി കൊണ്ട് അഗ്നിക്കിരയാക്കിയ വിദ്യാലയത്തിനുപകരം ഏവർക്കും സ്വാഗതമേകികൊണ്ട് നവോത്ഥാന മൂല്യങ്ങൾ സംരക്ഷിച്ച് അനാചാരങ്ങൾക്കുള്ള മറുപടിയായി പടുത്തുയർത്തിയ വിദ്യാലയമാണ് അത്.

കൂട്ടുകാരെ നമുക്ക് വീണ്ടും സതിയിൽ ചെന്നു നിൽക്കണോ? നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ടത് ഏവരുടേയും കടമയാണ്.പാഠപുസ്തകത്തിൽ നവോത്ഥാന നായകന്മാരെക്കുറിച്ച് പഠിക്കുന്ന നമ്മൾ ഈ അവകാശങ്ങൾ സംരക്ഷിച്ചില്ലെങ്കിൽ ഈ വിദ്യാഭ്യാസം കൊണ്ട് എന്തർത്ഥം? ജാതി-മത-വർണ്ണ വിവേചനങ്ങളില്ലാതെ ഒന്നിച്ച് കൈകോർക്കാം.

**ദേവസ്മൃതി.എ.എസ്**





# ചിറകൊടിഞ്ഞ സ്വപ്നങ്ങൾ

ശാന്തമായ് നിന്നൊരു ഭൂമിതൻ
മാറിൽ താലോലം മീട്ടുന്ന മാരുതന്റെ
ഭാവം മറഞ്ഞു; രൂപം കടുത്തു
രൗദ്രമായ് അലറിയടിക്കുമാ-
കൊടുങ്കാറ്റിന്റെ താണ്ഡവത്തില-
ലഞ്ഞോരെന്റെ നാട്!

നാടിനുമീതെ പുതപ്പിച്ച
തോരാമഴ തീർത്തോ-
രു മഹാപ്രളയം
തോടുകൾ, ആറുകൾ, ചോല-
കൾ പാലങ്ങളെല്ലാം കണ്ണീർ-
കണങ്ങളാൽ കവിഞ്ഞൊഴുകി

വീടുമെൻ നാടുമൊക്കെ നാശ-
ത്തിൻ ശിരസ്സുയർത്തി;
ഇന്നലെ കണ്ടോരു കുന്നിൻ
ചരിവുകൾ ഇന്നിതാ
വെള്ളം വിഴുങ്ങിയല്ലോ......
വീടുകൾ റോഡുകൾ പാല-

ങ്ങൾ ക്ഷേത്രങ്ങളെല്ലാം
ജലത്താൽ തുടച്ചുനീക്കി
ധരണി തൻ മാറിൽ
പച്ചപ്പ് കണ്ണീർ കടലിൽ
അലിഞ്ഞുപോയി
ഒരു മൗനമാത്ര തൻ വിദൂര-

തയിൽ ചിറകൊടിഞ്ഞ സ്വപ്ന
കൂമ്പാരം ദർശിച്ച മാനവർ
ഏകരായി കണ്ണീർപുഴചൊരിച്ചു!
പച്ചപ്പിനാധാരമാകുമാ വൃക്ഷങ്ങൾ
ഭൂമിതൻ മേൽ കടപുഴകി
നൊമ്പരമേറിക്കൊണ്ടമ്മ-

മനസ്സുകൾ ഈശ്വരാ!
എന്നോർത്ത് തേങ്ങിടുമ്പോൾ
അറിയാത്ത ദേശക്കാർ കേൾക്കാത്ത ശബ്ദങ്ങൾ-
അതിരുകൾ മായ്ക്കുന്ന സ്നേഹ-
സൗഹൃദങ്ങൾ.......

രക്ഷകസേനകൾ, നാട്ടുകാർ, മുക്കുവർ
അലറികരഞ്ഞോരു പ്രളയ-ത്തിൻ മാറിൽ ഒത്തുതുഴ-
ഞ്ഞോരീ കൂട്ടായ്മ!
അതി ജീവനമെന്ന മന്ത്രത്താൽ
മാനവർ ഉപജീവനത്തിൻ
വഴിതിരിഞ്ഞേകരായി മാറിയ

മാനുഷ ജന്മങ്ങൾ ധരണിയിൽ
ചേക്കേറി പാർത്തിരുന്നു
കാലങ്ങളായി കാത്തതെല്ലാം
നീർക്കുമിളമാത്രമായി......

**കാവ്യ.എസ്. നായർ**



# SHIP OF LOVE



*The day have come;*
*To end the longing;*
*Longing of loneliness;*
*To splash up a spark of light;*
*In our life, the only one.*

*Frozen days gave way;*
*To the day of spring.*
*Frozen heart is melting;*
*There, the flowers blossom;*
*Of pure friendship.*

*Cheers, laughter, sharing, forgiving;*
*Was end of the darkest days?*
*Fragrance of the newly blossomed;*
*Was spread all over;*
*In a trice.*

*It's very hard to find perfect, fresh flowers.*
*But easy to get the worst!*
*Fresh refreshes our breath!*
*Worst can be the wreck!*
*We are the one to choose.*

*The fresh will always be;*
*By our side, to break up our dilemma;*
*To give us a helping hand;*
*To clear the dark clouds;*
*And spread the clear blue!*

**Sivajyothi. B**



# പുഴ മരിക്കുമ്പോൾ

അപ്പൂ... അപ്പൂ... എണീക്ക് കാലത്ത് അമ്പലത്തിൽ പോകണമെന്ന് പറഞ്ഞതല്ലേ വേഗം എണീറ്റ് പോയി കുളിക്ക്. അപ്പു എഴുന്നേറ്റ് പുഴയിലേക്ക് നടന്നു. അപ്പു എന്നും കുറിഞ്ഞിപ്പുഴയിൽ പോയാണ് കുളിക്കാറ് അവനും പുഴയും തമ്മിൽ ഒരു ആത്മബന്ധമുണ്ട്. അപ്പുവിന്റെ അച്ഛൻ പണ്ട് തോണി അപകടത്തിലാണ് മരിച്ചത്.

ഇപ്പോഴും കുറിഞ്ഞിയുടെ തീരത്ത് പോയിരിക്കുമ്പോൾ അവന് അച്ഛനെ ഓർമ്മവരും. അവിടെ ഇരിക്കുമ്പോൾ അച്ഛൻ അടുത്തുണ്ടെന്ന് അവന് തോന്നും. സങ്കടം വന്നാലും സന്തോഷം വന്നാലും അവൻ നേരെ പുഴയുടെ തീരത്ത് പോയിരിക്കും. അമ്മയ്ക്ക് അവൻ പുഴയിൽ പോകുന്നത് ഇഷ്ടമല്ല അവന്റെ അച്ഛനെ കൊന്നപുഴയാ അവനേയും പുഴ കൊണ്ടു പോകുമോ എന്ന ഭയം അമ്മയ്ക്ക് ഉണ്ട് പുഴയരുകിൽ പോയി ഇരിക്കുമ്പോൾ അവനെല്ലാം മറന്ന് പോകും.

അവനും പുഴയും മാത്രമായ ഒരു ലോകം.

അപ്പു ഒന്നിനും വാശിപിടിക്കാറില്ല എല്ലാ കുറവുകളും അറിഞ്ഞാണ് അവൻ വളരുന്നത്. അവനതിൽ ഒരു പരാധിയും ഇല്ല.

അപ്പൂ... ''നീ ഇതുവരെ കുളിച്ച് കഴിഞ്ഞില്ലേ എത്രനേരമായി പോയിട്ട് നീ ഈ പുഴ ആദ്യമായിട്ടാണോ കാണുന്നത്'' അമ്മയുടെ ചോദ്യത്തിന് അപ്പുവിന് മറുപടി ഇല്ല അമ്മയ്ക്ക് അതൊരു പുഴ പക്ഷേ അപ്പുവിന് അതവന്റെ അച്ഛന്റെ ഓർമ്മകൾ അപ്പു കുളികഴിഞ്ഞ് വീട്ടിലെത്തി ഞാൻ പോവാ അപ്പു വീടിന് വെളിയിൽ ഇറങ്ങി ഗോപി..... നീ വരണില്ലേ ഞാൻ ഇറങ്ങി

അപ്പു ഗോപിയെ വിളിച്ചു ഗോപിയും അപ്പുവും ഒരേ ക്ലാസ്സിലാണ് പഠിക്കുന്നത് രണ്ടുപേരും നല്ല കൂട്ടുകാരാ നീ വരാൻ നോക്കിനിൽക്കുവാരുന്നു. പെട്ടന്ന് അമ്മ വിളിച്ച് പാൽ മേടിക്കാൻ പറഞ്ഞുവിട്ടു.

വാ നമുക്ക് പോകാം രണ്ടാളുംകൂടി നടന്നു.

അമ്പലത്തിൽ നിന്ന് തിരികെ നടന്നപ്പോൾ കുറേ ലോറികൾ പോണത് കണ്ടു എന്താ ഇത്രയധികം ലോറികൾ ഇതെവിടെ പോവാ? ''അറിയില്ല അപ്പൂ'', ഗോപി മറുപടി പറഞ്ഞു.

വീട്ടിൽ ചെന്ന് നേരേ സ്കൂളിലേക്ക് രണ്ടാളും പോയി സ്കൂളിൽ ഇരിക്കുമ്പോഴും അപ്പുവിന്റെ മനസ്സിൽ എന്തിനാണ് ലോറികൾ വന്നത് എന്ന ചിന്തയിലായിരുന്നു. സ്കൂൾ വിട്ട് വരുമ്പോൾ വീണ്ടും അതേ ലോറികൾ കുറേ മണലുമായി പായണകണ്ടു. രണ്ടു ദിവസം ഇതേ കാഴ്ച അപ്പു കണ്ടു. ഒരു ദിവസം സ്കൂൾ വിട്ട് വരും വഴിയിൽ ഗോപി ഓടിവന്ന് അപ്പുവിനോട് പറഞ്ഞു.

അപ്പു... നമ്മുടെ കുറിഞ്ഞിപുഴ... അപ്പുവും ഗോപിയും നേരേ പുഴയിലേക്ക് ഓടി. പുഴയിൽ നിന്ന് മണൽ വാരുകുകയാണ് മണലും കൊണ്ട് ലോറികൾ ചീറിപ്പായുന്നു. കരയിൽ ഒരു വലിയ ബോർഡ് സ്ഥാപിച്ചിരിക്കുന്നു. പുഴയുടെ ആഴംകൂടിയിരിക്കുന്നു ആരും ഒരാവശ്യത്തിനും പുഴയിൽ ഇറങ്ങരുത് ഇത് കണ്ട് ഒന്നും മിണ്ടാതെ അപ്പു നേരേ വീട്ടിലേക്ക് നടന്നു. അമ്മയും ഇത് കണ്ട് നടുങ്ങി പോയി പുഴയിൽ നിന്ന് മണ്ണ് വാരുമ്പോൾ കര ഇടിയും അപ്പുവിന്റെ അയൽപക്കത്തുള്ള വീടുകളും മണ്ണിനടിയിലാവും.

വൈകിട്ട് കിടന്നപ്പോൾ അവന്റെ മനസ്സിൽ പല ചിന്തകൾ ഇനി താനാരോട് സങ്കടം പറയും അച്ഛന്റെ ഓർമ്മയായിരുന്ന കുറിഞ്ഞിപുഴ ഇനി ഒരു ഓർമ്മമാത്രം അവൻ പതിയെ ഉറങ്ങി.

ഉറക്കത്തിൽ കുറിഞ്ഞിപുഴ അപ്പുവിനോട് സംസാരിക്കുന്നു ഇത്രയും നാൾ പുഴയോട് അപ്പുവാണ് സങ്കടങ്ങൾ പറഞ്ഞിരുന്നത് ഇപ്പോൾ പുഴ അപ്പുവിനോട് തന്റെ സങ്കടങ്ങൾ പറയുന്നു. ഞാൻ മരിക്കാൻ പോവുകയാണ് ''എന്നെ രക്ഷിക്കാൻ അപ്പുവിന് സാധിക്കും എന്നെ രക്ഷിക്കൂ...''

അപ്പൂ പുഴ പറയുകയാണ്. പെട്ടന്ന് അപ്പു ഉറക്കത്തിൽ നിന്ന് ചാടി എഴുന്നേറ്റു താൻ സ്വപ്നം കണ്ടതാണ് അവന് മനസ്സായി പതിയെ എണീറ്റ് അവൻ ജനാലയ്ക്ക് അരുകിൽ പോയി പുഴയെ നിസ്സഹായമായി ഒന്ന് നോക്കി വീണ്ടും അവൻ കിടന്ന് അവന്റെ മനസ്സിൽ കുറേ ചോദ്യങ്ങൾ ഉയർന്നു വന്നു.

എത്ര പുഴകളാണ് മരിച്ചത്?

എത്ര പുഴകൾ മരിച്ചുകൊണ്ടിരിക്കുന്നു?

ഇനിയും ഇതിനെതിരെ ശബ്ദം ഉയർത്തിയില്ലെങ്കിൽ പുഴകൾ മരിച്ചു കൊണ്ടേയിരിക്കും.

വരും തലമുറ പുഴയും കായലും കുളവും ഒക്കെ കാണണം അതിന് നാം മുൻകൈയെടുക്കണം. ഞാനൊരു കുട്ടിയാണ് പക്ഷെ ഞാൻ വിചാരിച്ചാലും ഇതിന് ഒരു അറുതി വരുത്താൻ കഴിയും. അതിന് ഈ നാട് മുഴുവൻ എന്റെ കൂടെ കാണും എന്ന് എനിക്കുറപ്പുണ്ട്.

മനസ്സിൽ ചില തീരുമാനങ്ങൾ എടുത്ത് അവൻ പതിയെ ഉറക്കത്തിലേക്കു വീണു.

**ചൈതന്യ എസ്.**





# ഒരു മഴ തോരുമ്പോൾ

നിരഞ്ജന. യു

അയ്യോ മോളേ നീ ആകെ ക്ഷീണിച്ചിരിക്കുന്നുവല്ലോ. അകത്തേയ്ക്കു വരൂ ഞാൻ നിനക്ക് കുടിക്കാൻ ജലം നൽകാം.

അമ്മേ നന്ദിയുണ്ട് ഈ കാരുണ്യം കാണിച്ചതിന് ഞാൻ പല വീടുകളിലും കയറി ഇറങ്ങി പലരും എന്നെ ആട്ടിയോടിച്ചു. എന്നാൽ അമ്മ മാത്രം......

മകളെ കരയാതിരിക്കൂ. ഒരിക്കൽ ഞാനും ഇതുപോലെയായിരുന്നു. വീട്ടിൽ നിന്നെപ്പോലെ തളർന്നു വരുന്നവരെ ആട്ടിയോടിക്കുമായിരുന്നു. അതിനുള്ള ഫലം ഞങ്ങൾക്കു ലഭിച്ചു. ദൈവത്തിന്റെ മുൻപിൽ എല്ലാവരും ഒന്നാണ് ഞങ്ങൾ മനസ്സിലാക്കി. അമ്മേ.....

മകളെ കയറി വന്നാലും ഈ അമ്മയുടെ ആഥിത്യം സ്വീകരിച്ചാലും നിന്റെ അമ്മ പറയുന്നതാണെന്നു കരുതിക്കൊണ്ട് അനുസരിച്ചാലും നിന്നെ ഞാൻ എന്റെ സ്വന്തം മകളെപ്പോലെ നോക്കിക്കൊള്ളാം.

നന്ദി ഈ സ്നേഹത്തിന് തിരിച്ചു നൽകാൻ എന്റെ കൈയ്യിൽ ഒന്നേയുള്ളൂ സ്നേഹം....

വരൂ...അകത്തേക്കു വരൂ.....

അംബരചുംബിയായി നിലകൊള്ളുന്ന വെള്ളക്കൊടുമുടികൾക്കു കീഴിൽ സ്ഥിതി ചെയ്യുന്ന തടാകം സ്ഫടികപ്രഭ വിതറുന്നു. ഉമാമഹേശ്വരന്മാരുടെ വാസസ്ഥാനമായ കൈലാസത്തിന്റെ വെള്ളിപ്രഭയിൽ കുളിച്ചു നിൽക്കുന്ന ദിക്കുകൾ. ഇടതൂർന്നു നിൽക്കുന്ന ചെടികൾ കാടിന്റെ രമണീയതയെ പകരുന്നു. അതിലൂടെ തെന്നി നീങ്ങുന്ന ഉല്ലാസ നൗകങ്ങൾ കണ്ണിന് കുളിർമ്മ നൽകുന്ന കാഴ്ചയാണ്.

പ്രകൃതി ഭംഗിയാൽ പൂത്തുലഞ്ഞു നിൽക്കുന്ന ഒരു ചെറിയ ഗ്രാമ മാണ് അവനീശ്വരം. സ്നേഹിക്കാൻ മാത്രം അറിയുന്ന ഒരു പറ്റം ആളുകൾ ജീവിക്കുന്ന പ്രദേശം. അവിടെയാണ് അർച്ചന എന്ന അച്ചു ജനിച്ചത്. ജനിച്ച അന്നുമുതൽ അവൾ നാട്ടുകാരുടെ കണ്ണിലുണ്ണിയായി. ഒരു ദിവസം ആ ഗ്രാമം ഉണർന്നത് മരങ്ങൾ വെട്ടി മുറിക്കുന്ന ശബ്ദം കേട്ടുകൊണ്ടാണ്. എല്ലാവരും ഇറങ്ങി നോക്കിയപ്പോൾ ഒരു കൂട്ടം ആളുകൾ വീടുകൾ ഇടിച്ചു നിരത്തുവാനും മരങ്ങൾ വെട്ടി നശിപ്പിക്കാനും ഒരുങ്ങുന്നതാണ്. ആ ഗ്രാമം അവരോടു യാചിച്ചു ആ പ്രകൃതി ഭംഗി ഇല്ലാതാക്കാതിരിക്കാൻ . അന്നുവരെ ആ ഗ്രാമം ഗ്രാമങ്ങൾക്കു മേലുള്ള നാഗരീകതയുടെ കടന്നുകയറ്റത്തെപ്പറ്റി കേട്ടിട്ടേ ഉള്ളു ഇന്ന് അവർ അതെന്താണെന്ന് ശരിക്കും മനസ്സിലാക്കി ആ കാഴ്ച സഹിക്കാതെ ആ ഗ്രാമത്തിലുള്ളവർ വിഷം കഴിച്ചു. എന്നാൽ ദൈവത്തിന്റെ കളിയെന്നല്ലാതെ എന്തുപ

റയും അർച്ചന മരണത്തെ തോല്പിച്ചു ജീവിച്ചു.

അവൾ ഭിക്ഷാടനത്തിനിറങ്ങി ഒത്തിരിദൂരം നടന്നുകാണണം വളരെ ക്ഷീണിച്ചപ്പോൾ അടുത്തുള്ള ഒരു വീട്ടിൽ കയറിച്ചെന്ന് അല്പം വെള്ളം ചോദിച്ചു. ആ സമയം അകത്തു നിന്ന് ആരോ ഒരു ചോദ്യം ചോദിച്ചു.
കുട്ടിയുടെ ജാതി ഏതാ?

അർച്ചനയ്ക്ക് അവളുടെ ജാതി ഏതാണെന്നറിയില്ലായിരുന്നു. പക്ഷെ ഒരു കാര്യം അവൾക്കറിയാം ജാതിയിൽ ഏറ്റവും താണ ആൾക്കാരാണ് താനെന്ന്. അവൾ ആ വീട്ടിലെ ബ്രാഹ്മണനോട് ജാതി അറിയില്ലെന്നു പറഞ്ഞപ്പോൾ അയാൾ അവളെ വീടിനു പുറത്താക്കി. അവൾ കരഞ്ഞുകൊണ്ട് അടുത്ത വീട്ടിലേക്ക് കയറി. അവിടെയും അവർ അർച്ചനയോട് ഇങ്ങനെയാണ് പെരുമാറിയത്. അങ്ങനെയിരിക്കെ അർച്ചനയ്ക്ക് ഒരു അപകടമുണ്ടായി. അവൾ ആശുപത്രിയിൽ ബോധമില്ലാതെ കിടപ്പിലായി. എന്തുകൊണ്ടാണന്നറിഞ്ഞു കൂടാ അന്തരീക്ഷം കരഞ്ഞു തളർന്ന ഒരു കുട്ടിയുടെ മുഖംപോലെ വാടിക്കെട്ടിനിൽക്കുകയായിരുന്നു. ദുഃഖം സഹിക്കാനാകാതെ ആകാശം കണ്ണീർ വാർത്തു.

അങ്ങനെയിരിക്കെ ആ നാട്ടിൽ വലിയ ഒരു വെള്ളപ്പൊക്കം വന്നു. ഈ സമയവും അർച്ചന ആശുപത്രിയിലായിരുന്നു. വെള്ളപ്പൊക്കം വലിയ കെടുതി ഉണ്ടാക്കി. ഈ വെള്ളപ്പൊക്കത്തിൽ നിന്ന് കരകയറണമെങ്കിൽ എല്ലാവരും ഒറ്റക്കെട്ടായി നിന്നാൽ മാത്രമേ പറ്റുകയുള്ളായിരുന്നു. ആ നിമിഷം ആ നാട് ഒറ്റക്കെട്ടായി. ജാതി മറന്ന്, വർണ്ണം മറന്ന് പ്രവർത്തിച്ചു. തങ്ങൾ ചെയ്ത തെറ്റാണെന്ന് എല്ലവർക്കും ബോധ്യമായി. ദൈവം ഇതുമനസ്സിലാക്കി തരാനാണ് ഈ കളി കളിച്ചതെന്നും എല്ലാവർക്കും മനസ്സിലായി.

ഈ സമയത്താണ് അർച്ചന ആശുപത്രി വിട്ടത് അവൾ വീണ്ടും ഭിക്ഷാടനത്തിനിറങ്ങി. അങ്ങനെ നടന്നു നടന്ന് അവൾ ക്ഷീണിച്ചപ്പോൾ അടുത്തുകണ്ട വീട്ടിൽ കയറി. അവൾ വിറച്ചുകൊണ്ടാണ് കയറിയത്. നേരത്തെ അനുഭവിച്ച ദുരിതങ്ങൾ അവളുടെ മനസ്സിലൂടെ മിന്നിമറയുകയുകയായിരുന്നു. അർച്ചനയെ കണ്ടതോടെ ആ വീട്ടമ്മ അവളുടെ അടുത്തേക്ക് ഓടി വന്ന് പറഞ്ഞു.

അയ്യോ മോളേ നീ ആകെ ക്ഷീണിച്ചിരിക്കുന്നുവല്ലോ. അകത്തേയ്ക്കുവരൂ, ഞാൻ കുടിക്കാൻ ജലം നൽകാം.

അമ്മേ നന്ദിയുണ്ട്. ഈ കാരുണ്യം കാണിച്ചതിന്. ഞാൻ പല വീടുകളിലും കയറി ഇറങ്ങി. പലരും എന്നെ ആട്ടിയോടിച്ചു എന്നാൽ അമ്മ മാത്രം ................ അർച്ചന അറിയാതെ വിതുമ്പിപ്പോയി.

മകളെ കരയാതിരിക്കൂ ഒരിക്കൽ ഞാനും ഇതുപോലെയായിരുന്നു. വീട്ടിൽ തളർന്നു വരുന്നവരെ ആട്ടിയോടിക്കുമായിരുന്നു. അതിനുള്ള ഫലം ഞങ്ങൾക്കു ലഭിച്ചു. ദൈവത്തിന്റെ മുൻപിൽ എല്ലാവരും ഒന്നാണെന്ന് ഞങ്ങൾ മനസ്സിലാക്കി. എന്ന് പറഞ്ഞുകൊണ്ട് ആ അമ്മ അർച്ചനയുടെ കണ്ണുനീർ തുടച്ചു വീണ്ടും ആ അമ്മ പറഞ്ഞു.

മകളേ, കയറി വന്നാലും ഈ അമ്മയുടെ ആഥിത്യം സ്വീകരിച്ചാലും . നിന്റെ സ്വന്തം അമ്മ പറയുന്നതാണെന്നു കരുതി അനുസരിച്ചാലും. നിന്നെ ഞാൻ എന്റെ സ്വന്തം മകളെ പ്പോലെനോക്കികൊള്ളാം.

ഇത്രയും പറഞ്ഞുകൊണ്ട് ആ അമ്മ അർച്ചനയെ ഗൃഹത്തിനുള്ളിലേക്ക് കൂട്ടികൊണ്ടുപോയി.ആ നിമിഷം അവർ ആരൊടെന്നില്ലാതെ പറഞ്ഞു "നന്ദി". ഈ സ്നേഹത്തിനു നന്ദി. ആ സ്നേഹത്തിനു തിരിച്ചു നൽകാൻ എന്റെ കൈയ്യിൽ ഒന്നേയുള്ളു അതും സ്നേഹം................. തന്നെയാണ്.

ഇത്രയും നാൾ അർച്ചനയുടെ ജീവിതത്തിലുണ്ടായ സങ്കടത്തിന്റെ മഴ ഇന്ന് തോരുകയാണ്. ഒരു മഴ തോരകുമ്പോൾ എങ്ങനെയാണോ ആകാശം അതുപോലെ ഇപ്പോൾ അർച്ചനയുടെ ജീവിതവും പുഞ്ചിരിയുടെ അല്ലെങ്കിൽ സ്നേഹത്തിന്റെ പ്രകാശം അവൾക്കുമേൽ പതിക്കാൻ തുടങ്ങുകയാണ്. ഒരു മഴ തോരുമ്പോൾ സൂര്യന്റെ പ്രകാശം ഭൂമിയിൽ എങ്ങനെ ദൃശ്യമാകുന്നുവോ അതുപോലെ................





# ഫലിതകഥകൾ

1. **സന്ദർശനം:**

ഒരു സ്കോട്ട്ലൻഡുകാരൻ തന്റെ മകനെ അയാളുടെ സുഹൃത്തിനെ സന്ദർശിക്കാൻ പറഞ്ഞയച്ചു. മോനെ നീ എന്റെ സുഹൃത്തിനെ കാണാൻ പോകുമ്പോൾ വെറുതെ കൈയും വീശി കയറി ചെല്ലുന്നതു മോശമാണ്. അതുകൊണ്ട് നിന്റെ കൈയിൽ ഒരു കേക്കുണ്ടെന്നു നീ സങ്കല്പിച്ചു കൊള്ളണം. അവിടെയെത്തിയാൽ ഉടനെ കേക്കു മാമനു കൊടുക്കണം.

പിറ്റേ ദിവസം രാവിലെ മകൻ തിരിച്ചെത്തിയപ്പോൾ അച്ഛൻ മകനോട് ചോദിച്ചു മോനേ നീ കേക്ക് മാമനു കൊടുത്തോ?

ഉവ്വച്ഛാ എങ്ങനെയാ കൊടുത്തത്- ആകാംക്ഷയോടെ അയാൾ തിരക്കി ഇങ്ങനെ മകൻ അന്തരീക്ഷത്തിൽ കേക്കിന്റെ ആകൃതിയിൽ വൃത്തം വരച്ചുകാട്ടി, പ്ഫാ! മുടിഞ്ഞവനെ നീയെന്നെ മുടിപ്പിച്ചേ അടങ്ങുല്ലേടാ സ്കോട്ലാൻഡുകാരൻ അലറി. നിനക്ക് അതിന്റെ പകുതി കേക്ക് കൊടുത്താൽ പോരായിരുന്നോ?

2. **പത്രാധിപരെ പേപ്പട്ടി കടിച്ചു:**

ഒരു പേപ്പട്ടി നാട്ടിലുള്ള ഒട്ടുമുക്കാൽ പട്ടികളേയും ഓടിനടന്ന് കടിച്ചു. കൂട്ടത്തിൽ ഒരു പത്രാധിപനും കടികിട്ടി. അടുത്ത ദിവസം പേപ്പട്ടി കടിച്ച പത്രാധിപരുടെ പത്രത്തിൽ ആ വാർത്തവന്നു. പത്രാധിപനെയും മറ്റു ചില പട്ടികളേയും പേപ്പട്ടി കടിച്ചു

3. **ആദ്യത്തെ ഓപ്പറേഷൻ:**

ഓപ്പറേഷൻ തീയറ്ററിനു പുറത്തുള്ള ബഞ്ചിൽ രണ്ടു വൃദ്ധന്മാർ പരിഭ്രാന്തിയോടെ ഇരിക്കുകയായിരുന്നു.

ഒന്നാമൻ : എന്റെ മകന്റെ തലച്ചോറിന് എന്തോ അസുഖം. ഇന്ന് ഓപ്പറേഷൻ നടക്കുകയാണ്. അവന് ഭയങ്കര പേടിയാണ്. ഒരു ധൈര്യത്തിനാണ് ഞാനുംകൂടി വന്നിരിക്കുന്നത്

രണ്ടാമൻ: ആ ഓപ്പറേഷൻ നടത്തുന്ന ഡോക്ടർ എന്റെ മകൻ ആണ് . അവന്റെ ആദ്യത്തെ ഓപ്പറേഷനാ ഇത് അവന് ഒരു ധൈര്യത്തിനു വേണ്ടിയാണ് ഞാനും കൂടി വന്നിരിക്കുന്നത്.

4. **വീട്ടുവാടക:**


ഒരു മലയാളി വാടകക്കാരൻ അഞ്ചുമാസത്തെ വാടക വീട്ടുടമസ്ഥനു കൊടുക്കാനുണ്ട്. വീട്ടുടമസ്ഥൻ വാടക വാങ്ങാൻ വന്നപ്പോൾ അയാൾ അൻപതുരൂപ ഒപ്പിച്ചു കൊടുത്തു. ഇത് ഒരു മാസത്തെ വാടകയേ അല്ലേ ഉള്ളു.

ഇതുതന്നെ അധികമാണ് മലയാളി വാടകക്കാരൻ പറഞ്ഞു, പിറകുവശത്തെ മുറിയുടെ ഒരു ജനൽ പൊളിച്ചു വിറ്റാണ് ഇത് തന്നെ ഒപ്പിച്ചത്.

**അരുന്ധതി എ.**



# PUZZLE 1



Clues:

Down

1. Father of Indian Constitution
2. Datas stored in book are known as
3. Temple of Buddhist
4. Property of metals to produce sound
5. The form of carbon which conduct electricity
6. Charged atoms are called
9. The country which the language spanish is
10. opposite of problem
12. Which metal stored in kerosene

Across

1. One who studies about orgin and develope of mankind
7. Another word for decay
8. River in India
11. Meaning of phrasal verb came out



Arjun R. Nair

Answer Page No.

# मैं बादल बन जाऊँ



कितना ही अच्छा हो
यति मैं बादल बन जाऊँ
नीले नीले आसमान में
इधर - उधर मंडराऊँ
जब भी देखू सूखी धरती
झट पिघल मैं जाऊँ
गरमी से तंग लोगों को



**Navyanth V. U**
**VI B**

# हमारा घर



**एक चिडिया के बच्चे चार,**
**घर से निकले पंख पसार**
**पूरब से पश्चिम को जाएँ**
**उत्तर से फिर दक्षिण को आएँ**
**धूमघाम जब घर को आएँ**
**मम्मी को एक बात सुनाएँ**
**देख लिया हमने जग सारा**
**अपना घर है सबसे प्यारा**

*Daya V.S*
*VI B*



# *MATHS PUZZLE*

| | | |
|---|---|---|
| 83 | 79 | 68 |
| 11 | 16 | ? |
| 2 | 7 | 5 |



**Mahitha Madhu. K**

Qustion Page No : 16

## Puzzle1 Answer

Down
1. AMBEDKAR
2. RECORD
3. PAGODAS
4. SONORITY
5. GRAPHITE
6. ION
9. SPAIN
10. SOLUTION
12.SODIUM

***Across***
1. ANTHROPOLOGIST
7. ROT
11. EMERGE
8.NARMADA

## Maths Puzzle Answer

| | | |
|---|---|---|
| 83 | 79 | 68 |
| 11 | 16 | 14 |
| 2 | 7 | 5 |

8 + 3 = 11
1 + 1 = 2
7 + 9 = 16
1 + 6 = 7
6 + 8 = 14
1 + 4 = 5

## ജനനിയുടെ തേങ്ങലുകൾ

താലോലിച്ചു വളർത്തിയ മക്കളെ നിങ്ങൾ-
എൻ മാറിൽ കിടന്നുമത്സരിക്കുമ്പോൾ
ഹൃദയം തകർന്നു ഞാൻ തേങ്ങീടുന്നു.....
ചാരത്തു വന്നു സഹോദരങ്ങളെപ്പോലെ നിങ്ങൾ-
സ്നേഹിക്കുവാൻ വേണ്ടി മത്സരിക്കുവിൻ...
പ്രളയം നിങ്ങളെ തകർത്തെറിഞ്ഞപ്പോൾ-
ഒരുമയുടെ മുഖം ഞാൻ നിങ്ങളിൽ കണ്ടു-
പ്രകൃതിപോലും നിങ്ങളുടെ സ്നേഹത്തിൽ നമിച്ചപ്പോൾ-
എന്നിലെ മാതൃത്വം സന്തോഷാശ്രുക്കൾ പൊഴിച്ചു-
എന്തിന് മക്കളെ ഭക്തിയുടെ മറവിൽ കലഹം പൂണ്ട്-
നമ്മിലെ സാഹോദര്യം ഹനിച്ചീടുന്നേ
നിന്നുടെ പരാക്രമം ഒക്കെയും -അമ്മയ്ക്ക് താങ്ങുവാൻ ആവതില്ല
നിർത്തുവിൻ മക്കളെ ഈ കൊലവിളി.... നിർത്തീടുവിൻ...
ജനനിതൻ ആനന്ദം ആഗ്രഹിപ്പൂ നിങ്ങൾ
സാഹോദര്യത്തോടെ വസിച്ചീടുവിൻ....
.......ജനനി......



**സെയിൻ**


# അമ്മ

അമ്മയെന്ന തരുവിൽപൂത്തു
ഞാനെന്ന മനോഹര പുഷ്പം
ഈശനവൻ ഭംഗിയേകി
ചുറ്റും നറുമണം തൂകാൻ

അമ്മതൻ മാറിലുറങ്ങണം
ഞാനനുഭവിക്കും ശാന്തി
ഈശൻ മുൻപിലിരിക്കുമ്പോഴും
അനുഭവിച്ചീടുന്നി നൽശാന്തി

അമ്മയെ എനിക്കായി തന്നയീശൻ
അമ്മയെപോൽ സ്നേഹിച്ചീടും
മറക്കരുതൊരുനാളും ഈശനെയും
മറക്കരുതൊരുനാളും അമ്മയേയും





**ആരോൺ ജയിംസ് ജോർജ്ജ്**

# വിശപ്പിന്റെ വിളി

വാൽസല്യത്തിന്റെ കുളിരിൽ മധുരംനുണയും
വാർദ്ധക്യത്തിൽ അതിന്റെ നോവ് അറിയും
വിശപ്പെന്ന വികാരം തടഞ്ഞുനിർത്താനാവാത്ത
ഭ്രാന്തമായ ഒരു ഇരുട്ടാണത്രെ
വിയർപ്പറ്റു വീണു, തേടിയ ആദ്യത്തെ-
ചില്ലറത്തുട്ടുകൾ പീടികത്തിണ്ണയിൽ
ഒട്ടിയ വയറുമായി പുഞ്ചിരിക്കുന്നതുകാണാം

പ്രണയമെന്ന ചിന്തയേക്കാൾ ഭ്രാന്തമായ
വികാരാനുഭൂതിയാണ് വിശപ്പ്
പല പീടിക തിണ്ണകളിൽ വിശപ്പിന്റെ അലമുറകേൾക്കാം
ഇരുട്ടിന്റെ വീഥിയിൽ അവനെ ഭ്രാന്തനാക്കുന്നു.
ഹൃദയത്തിന്റെ താളങ്ങൾ നിലച്ച ശവശരീരം മാത്രമായി
ഇന്നും വഴിയരുകിൽ കിടക്കുന്നതുകാണാം.

നവോത്ഥാനം പടുത്തുയർത്തുമ്പോൾ
ഈ വിളിമാത്രം കേൾക്കാത്തതും കാണാത്തതുമെന്തേ
വാർദ്ധക്യത്തിൽ മരണത്തിൻ വാതിലിൽ എത്തിനിൽക്കും
അമ്മതൻ അമ്മിഞ്ഞപ്പാൽ മധുരിക്കും ഓർമ്മയായി മാത്രം
ഒട്ടിയ വയറിൽ ഹൃദയമേ നിനക്കേ അറിയു വിലാപം





**ധനുഷ് റ്റി. മനോജ്**
ക്ലാസ്സ്. VI B





## CONCEPT OF HEALTH

Health is basic to life and a foundation for productive activity in life. Health is an essential characteristic withoutwhich we cannot even enjoy our leisure and lead a happy family and social life.

Health is viewed differently by different people. A common man in the street may consider health nothing more than not being sick. A youngster may view it having good grooming and being able to play games. To understand health in its true perspective, we must be concerned with how man relates to his environment. No organism can exist by itself and without our environment, which consists of other living things and the non-living components such as air, water, soil, temperature etc. Life is existing on the basis of interactions on interrelations among the living things themselves and between them living and non-living components. So health is natural.

## LIFESTYLE DISEASES

Lifestyle diseases are diseases that appear to become ever more widespread as countries become more industrialized. The major causes of lifestyle diseases are physical inactivity, environmental pollution, bad eating and nutritional habits. The physical inactivity is a major cause and such diseases are classified as hypo kinetic diseases. Hypo kinetic diseases are conditions related to inactivity or low levels of habitual activity. Hypo kinetic conditions could include: Cardiovascular diseases, some forms of cancer, back problems, obesity, diabetes, mental health.

**Obesity:**

Obesity is a disease due to over nutrition. Obesity is a condition in which the individual is overweight due to deposition of fat in the adipose tissue. The common cause of obesity is consumption of food in excess of requirements. Excess food consumed is converted into fat and stored in the adipose tissues. Obesity leads to the development of several complications like: Physical disability, metabolic disorders, cardiac disorders.

Alka. S. Panicker





# മൊബൈലിന്റെ സ്വാധീനം കുട്ടികളിൽ

ഇന്നത്തെ കുട്ടികളെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഒരു ഘടകമാണ് മൊബൈൽ ഫോൺ. ഈ കാലത്തെ കുട്ടികൾ ഏതുസമയവും മൊബൈലിന്റെ മുൻപിലാണ്. ഇപ്പോഴത്തെ കൊച്ചുകുട്ടികൾ വരെ സ്മാർട്ട് ഫോണിലാണ് കളിക്കുന്നത്. ഈ കാലത്ത് മുതിർന്നവർക്ക് സ്മാർട്ട് ഫോണിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ അത് കുട്ടികളോട് ചോദിച്ചാൽ മതി അവർക്ക് അതിൽ എല്ലാ കാര്യങ്ങളും അറിയാം. കുട്ടികൾ ഫോണിൽ ഗെയിം കളിയാണ് കൂടുതൽ.

കുറച്ചുനാൾ മുമ്പ് ബ്ലൂ വെയിൽ എന്ന ഒരു ഗെയിം കുട്ടികളെ ആത്മഹത്യയ്ക്ക് വരെ പ്രേരിപ്പിച്ചിരുന്നു. ആ ഗെയിം കളിക്കുന്ന കുട്ടികൾ അറിയാതെ തന്നെ അതിന് അടിമകളായിത്തീരും. നമ്മൾ അന്യൻ എന്ന സിനിമ കണ്ടിട്ടുണ്ടല്ലോ അതിൽ വിക്രം ഒരു ഗെയിം കളിക്കുന്നുണ്ട് ഇതു പോലെയാണ് അത്.

സ്മാർട്ട് ഫോണുകൾക്ക് ഒരുപാട് ഉപയോഗങ്ങൾ ഉണ്ട് അതുപോലെ തന്നെ ദോഷങ്ങളുമുണ്ട്. അതുകൊണ്ടു തന്നെ കുട്ടികൾ ഉപയോഗിക്കുന്നത് സൂക്ഷിക്കുക. കുട്ടികൾക്ക് കണ്ണുകൾക്ക് കാഴ്ച കുറയുന്നുണ്ട് അവരുടെ തലച്ചോറിന് അസുഖങ്ങൾ ബാധിക്കുന്നുണ്ട്. ഇന്ന് ഹോസ്പിറ്റലുകളിൽ ഒരു പാട് കുട്ടികളുടെ അസുഖങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

മാനസികമായും ശാരീരികമായും മൊബൈൽ ഫോൺ കുട്ടികൾക്ക് ഒരുപാട് ദോഷമുണ്ടാക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതിനൊക്കെ കാരണം മൊബൈലിലെ വൈദ്യുത കാന്തിക തരംഗങ്ങളാണ്. ഇത് പ്രധാനമായും കുട്ടികളുടെ തലച്ചോറിനെ ബാധിക്കും ക്രമേണ പലതരം മാനസിക അസുഖങ്ങൾ പിടിപെടും കൂടതൽ സമയം ഫോൺ ഉപയോഗിക്കുന്ന കുട്ടികൾക്ക് സമൂഹത്തിൽ മറ്റുള്ളവരുമായി ഉള്ള സഹകരണം കുറയുന്നു. അതിനാൽ കുട്ടികളടെ ഫോണിന്റെ ഉപയോഗം കുറയ്ക്കേണ്ട കാര്യമാണ്. അങ്ങനെ ശ്രദ്ധിച്ചാൽ അവരുടെ ഭാവിയിലെ അപകടങ്ങൾ ഒഴിവാക്കാം.......

**അഭിഷേക് സതീഷ്**
ക്ലാസ്സ്. V B



# പ്രത്യാശ



**അദ്വൈത് ബി.**
**ക്ലാസ്സ്.** VII B

ഒരു കുളിരുകോരുന്ന പുലരി.

പറവകൾ അവയുടെ കൂട്ടിൽ നിന്ന് പറന്നുയരുന്നു... പുലരി വെട്ടമെങ്ങും പരക്കുന്ന സമയം. ഉണ്ണി നല്ല ഉറക്കത്തിൽ ആണ്. പെട്ടന്നായിരുന്നു ആ അലർച്ച എഴുന്നേൽക്കെടാ പെട്ടന്ന്.... ആരോരും ഇല്ലാത്ത ഒരു അനാഥ കുട്ടിയാണ് ഉണ്ണി. അവന് പതിനൊന്ന് വയസ്സ് പ്രായമേ കഷ്ടിച്ചുകാണൂ. അനാഥാലയത്തിലെ ജോലികൾ മുഴുവൻ ചെയ്ത് തളർന്ന് ഉറങ്ങുകയായിരുന്നു അവൻ. ഡാ ഉണ്ണി എഴുന്നേൽക്ക്

ഉണ്ണി എഴുന്നേറ്റു. അവൻ ജോലികൾ ചെയ്യുവാൻ തുടങ്ങി. അവിടുത്തെ മുഴുവൻ ജേലികളും ചെയ്യിക്കുന്നത് അവനെക്കൊണ്ടായിരുന്നു. അവൻ ക്ഷീണിച്ചാലും ഉടമസ്ഥൻ അവനെ വെറുതെ വിടില്ല. ജോലികൾ കഴിഞ്ഞേ അവന് ഭക്ഷണം കൊടുത്തിരുന്നുള്ളു. അവൻ മൂന്നുനേരം കഞ്ഞികുടിച്ചാണ് വളർന്നത്. അവന് പ്രതീക്ഷിക്കാനോ അവനുവേണ്ടി കാത്തിരിക്കാനോ ആരും ഇല്ലായിരുന്നു. കടയിൽ എത്തി പച്ചക്കറികൾ വാങ്ങി നടക്കുന്നതിനിടയിൽ വിശന്നലയുന്ന ഒരു കൊച്ചു പട്ടിക്കുട്ടിയെ അവൻ കണ്ടു.

അവൻ തന്റെ ദയനീയത ആ പട്ടിക്കുട്ടിയിൽ കണ്ടു. എടുത്തു കൊണ്ട് പോകണമെന്നു വെച്ചാൽ അനാഥാലയത്തിന്റെ ഉടമസ്ഥൻ സമ്മതിക്കില്ല. അതിനാൽ അവൻ ആരും കാണാതെ അതിനെ എടുത്തു കൊണ്ടുപോയി. അവൻ അവിടെ എത്തിയ ഉടൻ പട്ടിക്കുട്ടിയെ അവന്റെ മുറിയിൽ എത്തിച്ചു. അവൻ അതിനുവേണ്ടി ഒരു കൂട് നിർമ്മിച്ചു. ആ ഭംഗിയുള്ള പട്ടിക്ക് അവൻ കുട്ടൻ എന്ന് പേര് കൊടുത്തു. അവന് കഴിക്കാൻ കിട്ടുന്നതിൽ ഒരു പങ്ക് കുട്ടനും കൊടുത്തിരുന്നു. അവർ രണ്ടുപേരും സുഹൃത്തുക്കളായി.

അങ്ങനെയിരിക്കെ ഒരു രാത്രിയിൽ ഉണ്ണി ഉറങ്ങുകയായിരുന്നു കുട്ടൻ കൂട്ടിലും. ഒരു അപരിചതൻ ആരും അറിയാതെ ഉണ്ണിയുടെ മുറിയിൽ കയറി. ഉണ്ണിയെ എടുത്ത് കൊണ്ട് പോകാൻ ആയിരുന്നു അയാളുടെ ഉദ്ദേശ്യം. ഉണ്ണി അഗാധമായ നിദ്രയിൽ ആയിരുന്നു. ഉടൻതന്നെ കുട്ടൻ കൂട്ടിൽ നിന്ന് ചാടിയിറങ്ങി ഉച്ചത്തിൽ കുരച്ചുകൊണ്ട് അയാളെ പിടികൂടി. അയാളെ എഴുന്നേൽക്കാൻ കുട്ടൻ സമ്മതിച്ചില്ല ആളുകൾ എല്ലാം ഓടിക്കൂടി കള്ളനെകൈയോടെ പിടിച്ചു. ഉണ്ണിക്ക് വളരെ അധികം സന്തോഷമായി അവൻ കുട്ടനെ അടുത്ത് വിളിച്ച് കെട്ടിപ്പിടിച്ചു ഓടിവന്ന ആളുകളുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകി.

അവൻ ജീവനുതുല്യമായി സ്നേഹിച്ചിരുന്ന ആ പട്ടികുട്ടി ഇന്ന് അവന്റെ ജീവൻ രക്ഷിച്ചു. അങ്ങനെ അവനും ആരൊക്കെയോ ഉണ്ടെന്ന തോന്നൽ ഉണ്ടായി. ഉണ്ണിയുടെ ജീവിതത്തിൽ സന്തോഷം പകരാനായി അവന് സ്വാന്ത്വനമായി കുട്ടനെപോലെ സ്നേഹമുള്ള ഒരു പട്ടിക്കുട്ടി വേണ്ടി വന്നു.

ഉണ്ണിയുടെ ജീവിതത്തിൽ പ്രത്യാശയുടെ വെളിച്ചം എവിടെ നിന്നോ പ്രതിഫലിച്ചുകൊണ്ടിരുന്നു.

# ഇനി അൽപം കുസൃതി

1. അനുജത്തി ചോന്നിട്ട്, ഏട്ടത്തി പച്ചിച്ച്, മുത്തച്ചി മഞ്ഞിച്ച്?
   **ഉ: ഇല**
2. അരയുണ്ട് കാലുണ്ട് കാലിന്റെ പാദം ഇല്ല?
   **ഉ: പാന്റ്**
3. ആരും കാണതെ വരും ആരും കാണാതെ പോകും?
   **ഉ: കാറ്റ്**
4. ഉള്ളിൽ ചെന്നാൽ പിച്ചും പേയും?
   **ഉ: മദ്യം**
5. ഓടിനടക്കും തീപന്തം?
   **ഉ: മിന്നാമിനുങ്ങ്**
6. ഏറ്റവും ചെറിയപാലം?
   **ഉ: മൂക്കിന്റെ പാലം**
7. നട്ടാൽ മുളയ്ക്കാത്ത പയർ?
   **ഉ: അമ്പയർ**
8. ആരും ആഗ്രഹിക്കാത്ത പണം?
   **ഉ: ആരോപണം**
9. ഒരിക്കലും കൈയ്യിൽ ഇടാൻ പറ്റാത്ത വള?
   **ഉ: തവള**
10. വാഹനങ്ങളുമായി ബന്ധപ്പെട്ട നൃത്തരൂപം?
    **ഉ: ബ്രേക്ക് ഡാൻസ്**
11. തലയിൽ കാൽ വച്ചുനടക്കുന്ന ജീവി?
    **ഉ: പേൻ**
12. പരീക്ഷയുടെ അവസാനം എന്താണ്?
    **ഉ: ക്ഷ എന്ന അക്ഷരം**
13. വലിക്കുംതോറും നീളം കുറയുന്നത്?
    **ഉ: സിഗരറ്റ്**
14. വെളുക്കുംന്തോറും വൃത്തികേടാകുന്നത്?
    **ഉ: ബ്ലാക്ക് ബോർഡ്**
15. കുട്ടികൾ ഏറ്റവും കൂടുതൽ ഇഷ്ടപേപെടുന്ന ഊണ് ഏതാണ്?
    **ഉ: കാർട്ടൂൺ**
16. ഏറ്റവും സുരക്ഷിതമായ ചായ?
    **ഉ: സേഫ്റ്റി**
17. പിന്നിട്ട വഴികളിലൂടെ സഞ്ചരിക്കരുത് എന്ന് പറയുന്നത് എന്ത്കൊണ്ട്?
    **ഉ: പിൻ ഇട്ട വഴികളിലൂടെ സഞ്ചരിച്ചാൽ കാലിൽ കുത്തിക്കയറും**
18. കൂടിയാലും തെറ്റ് കുറഞ്ഞാലും തെറ്റ്?
    **ഉ: ഉപ്പ്**
19. എവിടെ വച്ചാലും വട്ടാകും?
    **ഉ: ചെമ്പരത്തി**
20. തൊട്ടുകൂട്ടാം സദ്യയ്ക്ക് എടുക്കില്ല?
    **ഉ: കാൽക്കുലേറ്റർ**



**ആര്യ സുദർശൻ**




# Diary entry of a girl, Sohonisa in the year 2050



June 5

Today is World Environment Day and we went to visit the environment museum. I woke up with great enthusiasm and got ready by 8.00 a.m., wearing my ultra violet ray protection suit. My father was busy in the lab, doing some research on how to make a duplicate ozone layer!

Healon, my robotic servant gave me my breakfast. I took the tablets and gulped it. My grandpa had told me about the grand breakfasts they used to have – idli, dosa, bread, jam, chicken and so on. I have never had these as I take vitamin tablets for breakfast, lunch and dinner. I took my oxygen cylinder, said good bye to my Mom and headed towards the taxi stand.

I boarded an air-taxi to my school. Our teacher has told us about the importance of Environment Day, "Forty years ago, on Environment Day, people used to do awareness campaigns on the importance of conserving the environment".

At the zoological museum, we saw different kind of animals such as cow, goat, cat, dog, rat and even hen! I have never seen them in my life.

At last we came to a special room where we could stay without oxygen cylinders and it was cool. At that place there was a tree. It was amazing The last surviving one in the world.

"Trees were an important part of our environment" said one teacher. It replenished oxygen so that people of that day didn't use any oxygen cylinders because trees provided lot f oxygen to atmosphere. I heard it as an unbelievable story.

It was a marvelous trip. After reaching home, I had a virtual chat with my Aunt who is on a trip to the moon. My father has promised to take me to Mars next vacation if I score well in my next exams. And for that , I have to go and study with my robotic tutor. That's all for today.

***"Good Night"***

**Brighty Biju**

# TIME



There is a time for everything.
Every purpose under heaven has a time.
A time to be born and time to die,
A time to plant and a time to uproot.
A time to kill and a time to heal,
A time to tear down and a time to build
A time to weep and a time to laugh
A time to mourn and a time to dance
A time to scatter and a time to gather them.
A time to search and a time to give up
A time to keep and a time to throw away
A time to be silent and a time to speak
A time to love and a time to hate
A time for war and a time for peace
A time for pain
And a time for joys & a time for sorrows
There is time for everything in this world.



Reeba George
6 B

---

# SECRET OF NIGHT


When you look from a dark
you can see the eye,
that peered into your life
which you have not seen ever before.

Far and far it is.....
But can touch your mind.
Would hide seeing cotton bundles......
Wish to see when at bed.
Lad keep an eye open even at your sleep.
Meet your friends resting of their mother's lap....

Never forget, its your fortune.
A prophet of your life.
Will love this storyteller
who tells from birth till death....

Close your eyes and listen can hear its murmur –
reflects in your cheek at frozen dark

"Can you hear me, I'm star!"






***Devu Dileep Divakaran***

# യാത്രാമൊഴി

മറക്കില്ലായെന്നു പറഞ്ഞവരൊക്കെയും
ഓർക്കാൻ മറന്നുപോകുന്നകാലം!
പിരിയില്ലെന്നുപറഞ്ഞവരൊക്കെയും
അകലേക്കുമാഞ്ഞുപോകുന്നകാലം!
ഒരുവാക്കുപോലും പറയാതെ നീയെന്തേ
എന്നിൽ നിന്നകലേക്ക് മായുന്നത്?
എന്നിൽ നിന്നകലേക്ക് മായുന്നത്

തിരികെവരുമെന്ന വാക്കുപോലും
പറയാതെനീയെന്തേയകലുന്നത്?
നിനക്കാത്തനേരം മേഘത്തിൻ സ്നേഹ
സ്പർശമായി നീയെന്നിൽ വന്നുചേരും
പറയാതെ നീ പറയുന്നതെല്ലാം
അറിയാതെ ഞാനറിയുന്നതെന്തേ?
അറിയാതെ ഞാനറിയുന്നതെന്തേ?




നിൻ കുളിർ നാദമെന്നുമെൻ കുസൃതി-
ചിരിയുടെ കാരണമായിരുന്നു
നീയെൻ കണ്ണുനീരായിരുന്നുയെങ്കിൽ
എന്നും ഞാൻ കരയാൻ മോഹിച്ചേനേ!
നീയെൻ ചിരിയുടെ കാരണമായിരുന്നു
എങ്കിൽ ഞാനെന്നും വിരഹം മറന്നേനേ
എങ്കിൽ ഞാനെന്നും വിരഹം മറന്നേനേ

എൻകണ്ണുനീർ നീയറിയാത്തതെന്തേ?
നിൻമൗനത്തിൻ യാത്രാമൊഴിയെന്നിൽ
വിരഹസമുദ്രമാകുന്നതെന്തേ?
പെയ്തുതോരുന്നനേരം നീയെൻ
ചിരിയുമായി അകലുന്നതെന്തേ?
നിന്നോടെനിക്കെന്നും പ്രണയമാണ്
നിന്നോടെനിക്കെന്നും പ്രണയമാണ്

ഒരിക്കൽ നീയെൻ സ്നേഹം മനസ്സിലാക്കും
മരണമില്ലാത്തനീയന്നെൻ അരികിലെത്തും
അന്നെൻ കുസൃതി ചിരിയുടെ-
യാത്രാമൊഴിയായിരിക്കും
നീ അന്നെൻ സന്തോഷമായി
കണ്ണുനീർ പൊഴിക്കും
സന്തോഷമായികണ്ണുനീർ പൊഴിക്കും



**വൈഷ്ണവി എസ്. വിജു**






LABORATORY


JB ENGINEERING






S.N.D.P HSS





ENERGY
CONSERVATION
CONSERVE
ENERGY




















2017-18





















SNDP HSS ചെന്നീർക്കര
തുടർച്ചയായ രണ്ടാം വർഷവും
30,000 രൂപയുടെ ദേശീയ സ്കോളർഷിപ്പ് നേടിയ
ഞങ്ങളുടെ ചുണക്കുട്ടികൾ
മീനാക്ഷി എം.
അനഘ എസ്.
ഡെന്നിസ് ബാബു
അലൻ ജോൺ
ദേവിക എസ്
അർജുൻ ആർ.
അലീന ഉല്ലാസ്
അഞ്ജന സുരേഷ്
അനന്ദു അനിൽകുമാർ
ജിഷ്ണു എം.
ദേവി വി.എസ്
അഗ്രജ സജീവ്
യു.എസ്. എസ്. സ്കോളർഷിപ്പ് വിജയികൾ 2018
അശ്വനി എസ്
ദേവസ്മൃതി എ.എസ്
കേരളാ സ്റ്റേറ്റ് സയൻസ് & ടെക്നോളജിയുടെ ഇൻകൾക്കേറ്റ് സ്കീം വിജയികൾ
അലീന ഉല്ലാസ്
ശിവജ്യോതി ബി.
അഭിനന്ദനങ്ങളുമായി
അദ്ധ്യാപകർ, പി.റ്റി.എ. & മാനേജ്മെന്റ്




ചെന്നീർക്കര S.N.D.P H.S
ദേശീയതലത്തിലേക്ക്
ആരുഷ്. അനിയൻ
നേഹ. എസ്
ലിഷ. ഷാജൻ
കൃഷ്ണജിത്ത്
കൃഷ്ണ. ജെ
ബോസ്കോ. എസ്
അശ്വതി. കെ
രാജിത. ആർ
ആദർശ്.എസ്.കുമാർ
ആർദ്രാ. സുരേഷ്
അശ്വതി. അജിത്ത്
ദേവു. ദിലീപ്
ബ്രൈറ്റി. ബിജു



# *HUMAN BLOOD GROUPS AND THEIR INHERITANCE*



Blood is a specialized body fluid which accounts for 8% of the human body weight. It delivers necessary substances such as nutrients and oxygen to the body's cells and removes waste products such as carbon dioxide, ammonia etc. from those cells. In addition, blood plays a vital role in our immune system and also in maintaining a relatively constant body temperature.

Blood is composed of cells suspended in a liquid. The liquid portion is the plasma. Plasma contains blood clotting factors, sugars, lipids, vitamins, minerals, hormones, enzymes, antibodies and other proteins. Suspended in plasma are three types of cells: erythrocytes (red blood cells, RBC), leukocytes (white blood cells, WBC) and thrombocytes (platelets).

The difference in human blood types are due to the presence or absence of certain protein molecules called antigens and antibodies. The antigens are located on the surface of the red blood cells and the antibodies are in the blood plasma.

**Blood Donation:**

A pint of blood is a gift that immediately helps out some one in need. Voluntary donation is the best type of blood donation. Any healthy person within the age group of 18 – 60 years can donate blood. Donating blood is absolutely harmless. The same amount of new blood gets formed in the body within a period of 24 – 48 hours; the red cells need about four to eight weeks for complete replacement. Blood can again be donated after an interval of three months. Blood donation helps the donor also in many ways: donor's own body resistance improves; the circulation improves and feels healthier than before. Blood donation is a noble selfless service. It gives the donor a feeling of joy and contentment. Also, this is an expression of love for mankind, as blood knows no caste, colour, creed, religion etc.

**Alka. S. Panicker**





# CAN I TALK TO MACHINES

Sharing our feelings with machines was just a dream at the time of our ancestors. But now, the growth of science in the field of artificial intelligence paved the way for these dreams come true. The technologies developed much that we could even share our feelings to machines.

The **'ARTIFICIAL INTELLIGENCE'** was first used by **'John Mclathy'** in 1956 when he held the first academic conference on the subject. But the research and findings on this topic was started from earlier days. Till now this field advanced much. It started with solving algorithms and mathematical problems, playing games etc. Burt now we have reached a level that we could even talk to them and they could express their emotions to us.

High profile examples of AI include autonomous (such as drones and self driving cars), medical diagnosis, creating arts, proving mathematical theorems, playing games, online assistance and even humanoid robots. These are helpful to fulfill human needs which are dangerous and out of human limits. They can help us solving even the most complicated equations and algorithms. Now a days AI techniques have become an essential part of the technology including helping to solve many challenging problems on computer science, software engineering and operation research.

Humanoid robot 'Sophia' had become a turning point in the history of robotics and AI. Sophia written her name in the book of fame of robotic history. This robot considers herself as female, because she has technically no gender. She even sings, talks, express emotions to us. The kingdom of 'Saudi Arabia' gave Sophia its citizenship and became the first country to give its citizenship to a robot.

This field is trying to develop even more efficient and fast robots and machines. Though they have many good qualities, they have certain drawbacks too. If it's not used properly, it could even threaten mankind. The misuse of these technologies even started to prevail now. Day by day it's increasing. AI is developed for the efficiency of machines. But these can be used to human's greed. We can't exclude the fact that a day could come when these will start ruling over our society. May be they'll put our lives in danger. I think a day may come when these robots start to invent new technologies of their own.

Likewise a coin has two faces, these advancement also have two sides. They can be used for our development and even for our depletion. Technologies are made for human development. The life of 'Alfred Nobel' can be reminded for us. We should not let them rule over us.

By

**Sivajyothi B.**



# അയ്യങ്കാളി കഥ
# ഹൃദയത്തിലൊരു തീപ്പൊരി



അയ്യങ്കാളി അന്ന് ചെറുപ്പമാണ്. ഊർജ്ജസ്വലനും ഉത്സാഹിയുമായിരുന്നു. നല്ല കായികശേഷിയും കളിയിലും കലകളിലും വളരെ തത്പരനുമായിരുന്നു. നല്ലൊരു കായിക താരം കൂടിയായിരുന്ന അയ്യങ്കാളിക്ക് ഫുട്ബോൾ കളിയിലായിരുന്നു കമ്പം. ഒരിക്കൽ ഒരോണക്കാലത്ത് കൂട്ടുകാരുമൊത്ത് ഫുട്ബോൾ കളിക്കുകയായിരുന്നു അയ്യങ്കാളി. വീറോടെ പന്തുമായി എതിരാളികളെ വെട്ടിച്ചു വെട്ടിച്ച് മുന്നേറുകയാണ്. എതിർ ടീമിന്റെ ഗോൾമുഖമാണ് ലക്ഷ്യം.

എതിർ ഗോൾമുഖത്തേക്കുള്ള പാഞ്ഞുകയറ്റവും പന്ത് അതിസമർഥമായി പാസ്സ് ചെയ്യുന്നതുമൊക്കെ നോക്കി ഒരാൾ അകന്നുമാറി നിൽപ്പുണ്ടായിരുന്നു. അയ്യങ്കാളിയുടെ വിരുത് കണ്ട് സന്തോഷിക്കുകയായിരുന്നില്ല അയാൾ. അയ്യങ്കാളിയുടെ കളിമിടുക്ക് കണ്ട് അയാൾക്ക് ഈർഷ്യയായിരുന്നു. ഉയർന്ന ജാതിക്കാരായ കുട്ടികളോടൊപ്പമായിരുന്നു അയ്യങ്കാളി കളിച്ചുകൊണ്ടിരുന്നത്. അതായിരുന്നു അയാളുടെ ഈർഷ്യയ്ക്കു കാരണം. അയാൾ പല്ലുറുമ്മി നിൽക്കുകയാണ്. എന്തു ചെയ്യും കുട്ടികളുടെ കളിയല്ലേ? കുട്ടികൾക്കുണ്ടോ ജാതിപ്പോര്?

അപ്പോഴും കളി തുടരുകയാണ്. അയ്യങ്കാളി പന്തുമായി മുന്നേറുന്നുമുണ്ട്. കിട്ടിയ അവസരം നോക്കി പന്തു നീട്ടിയടിച്ചു. പക്ഷേ, അല്പം പിഴച്ചു. പന്തു പൊങ്ങിപ്പോയി. ഈർഷ്യയോടെ നോക്കി നിന്ന ആളുടെ വീടിനു മുകളിലാണ് പന്ത് ചെന്ന് വീണത്. ഒരു കാരണം കിട്ടാൻ കാത്തിരുന്ന അയാൾ കോപിഷ്ഠനായി. അയാൾ അയ്യങ്കാളിയെ ശകാരിക്കാനും ആക്ഷേപിക്കാനും തുടങ്ങി.

അയ്യങ്കാളിക്കു സങ്കടം വന്നു. ശകാരിച്ചതിനായിരുന്നില്ല മുതിർന്നൊരാൾ കളിയിൽ പറ്റിയ പിഴവിനു ശകാരിച്ചു, അത്രയേ ഉള്ളു. പക്ഷെ തന്നെ ജാതി പറഞ്ഞ് ആക്ഷേപിച്ചത് അദ്ദേഹത്തിനു സഹിക്കാനായില്ല. വീട്ടിലെത്തിയപ്പോഴും അയ്യങ്കാളിക്ക് അച്ഛന്റെ വക കിട്ടി നല്ല അടിയും ശകാരവും.

ശകാരവും അടിയും അദ്ദേഹത്തെ വിഷമിപ്പിച്ചില്ല. പക്ഷെ തന്റെ തരക്കാരുമൊത്ത് കളിക്കുന്നതിലെന്താണ്? ജാതിപ്പേരിൽ തന്നെ ആക്ഷേപിച്ചതെന്തിന്? അയ്യങ്കാളിയുടെ മനസ്സിൽ ചോദ്യങ്ങളുയർന്നു. അഭിമാനിയായ അയ്യങ്കാളിക്ക് ഇതൊന്നും സഹിക്കാനായില്ല. കുട്ടിത്തം വിട്ടിട്ടില്ലെങ്കിലും ആ മനസ്സിലേക്ക് തീ കോരിയിട്ടു. ഹൃദയത്തിലൊരു തീപ്പൊരി.....

അലീന രാജൻ




I was alone at that night
Sleeping in a chair
Ghrr! A sound behind me
Cracking the silence of dark

That museum changed to reality
Each creature brought to life
Thought as dream, but was true
Changed my life forever

Ancient events began their play
Monkeys, Dinos, Hippos
And even dodo at the dais
Screaming to and fro, dazed

Time went on, things changed
Wild of them made friends for me
But again and again, yes,
There was something to trouble me.



Dhaya Dileep
STD : VI –B

# *“Life” is What ?*

Life is a challenge – Face it
Life is a question – Answer it
Life is a flower – Don’t pluck it
Life is a road – Don’t block it
Life is a jock – Laugh at it
Life is a journey – Go for it
Life is a gamble – Don’t miss it
Life is a treasure – Hunt for it
Life is an ice cream – Enjoy it (before it melts)
Life is a puzzle – Solve it
Life is a bird – Don’t cage it
Life is a book – Read it
Life is a game – Play it
Life is a play – Act it
“Life is nothing – but more than something”



***Ananya Anil***
6-B



# ഇന്നലെ... ഇന്ന്... നാളെ...

ഏകാന്തമായി ഇരിക്കുന്ന അവളുടെ ചിന്തകൾക്ക് നിറം പകരുന്നു. മൂളിപ്പാട്ടു പാടി വണ്ടുകൾ പറന്നു നടക്കുന്നു. പുഷ്പങ്ങളിൽ നിന്നും തേൻ കുടിക്കുന്നു. പറവകൾ ചിറകടിച്ചു പറന്നകലുന്നു. ഇന്നു ഞാൻ ജീവിക്കുന്ന സാഹചര്യങ്ങളെയും സുഖസൗകര്യങ്ങളെയും പറ്റി ഒരുപാട് ഞാൻ ചിന്തിച്ചു തുടങ്ങി.

ഞാൻ കാണുന്ന ഈ സമൂഹത്തിൽ നിരനിരയായി നിൽക്കുന്ന ഫ്ളാറ്റുകൾ, കമ്പനികൾ, നിരത്തുകൾ നിറയെ തൊട്ടുരുമ്മി വാഹനങ്ങൾ, യന്ത്ര സാമഗ്രഹികൾ ഇങ്ങനെ പോകുന്ന നൂതന പരിഷ്കാരങ്ങൾ.

ഒരു കിലോമീറ്റർ പോകണമെങ്കിൽ വാഹനം വേണം. കുപ്പിയിൽ നിറച്ച വെള്ളം ഇല്ലെങ്കിൽ വെള്ളം കുടിക്കാൻ പറ്റാത്ത അവസ്ഥ. ഞാൻ കാണുന്ന സമൂഹത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ഭക്ഷണ സാധനങ്ങൾ എത്തിയില്ലെങ്കിൽ പട്ടിണി കിടക്കണം. പുരോഗമനത്തിന്റെ പാതയിലൂടെ സഞ്ചരിക്കുന്ന നമ്മുക്കിന്ന് കംമ്പ്യൂട്ടറുകളും, മൊബൈൽ ഫോണുകളും ഇല്ലാതെ ജീവിക്കാൻ പറ്റാത്ത അവസ്ഥ. നിരനിരയായി നിൽക്കുന്ന കമ്പനികളും, വാഹനങ്ങളുടെ അതിപ്രസരവും ഇവയിൽ നിന്നെല്ലാം ഉയർന്ന മലിനീകരണങ്ങളും ഭൂമിക്ക് താങ്ങാവുന്നതിനപ്പുറത്തേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്.

എന്റെ ചിന്ത കാടുകയറി. എനിക്ക് മുമ്പ് ഈ ഭൂമിയിൽ പ്രകൃതിയും ജീവജാലങ്ങളും എങ്ങനെ ആയിരുന്നു?

ഞാൻ എന്റെ അപ്പൂപ്പനോട് തിരക്കി. “അപ്പൂപ്പന്റെ കുട്ടിക്കാലത്തുണ്ടായിരുന്ന സുഖസൗകര്യങ്ങളെ പറ്റി ഒന്നു പറഞ്ഞു തന്നെ.” അപ്പൂപ്പൻ ഗദ്ഗദത്തോടു പറഞ്ഞു തുടങ്ങി.

“മക്കളെ എന്റെ കുട്ടിക്കാലം ഇവിടെ മുഴുവൻ വയലുകളും കൃഷിയിടങ്ങളും മാത്രമായിരുന്നു. ഭൂമി എല്ലാം പച്ചിപ്പ് നിറഞ്ഞതായിരുന്നു. അന്ന് എല്ലാവരും ഭക്ഷണം കഴിക്കുന്നത് കൃഷി ചെയ്തായിരുന്നു. സ്നേഹത്തോടെയും, സന്തോഷത്തോടെയും കഴിഞ്ഞിരുന്ന കാലം. നിറഞ്ഞൊഴുകുന്ന പുഴയും, പൂത്തുലഞ്ഞു കായ്ച്ച് നിൽക്കുന്ന ചെടികളും വൃക്ഷങ്ങളും, മഴക്കാലം, മഞ്ഞുകാലം, പൂക്കാലം, ഓണക്കാലം അങ്ങനെ കാലങ്ങൾക്ക് അനുസൃതമായുള്ള സന്തോഷങ്ങളും അങ്ങനെ എല്ലാം കൊണ്ടും സമൃദ്ധിയുണ്ടായിരുന്ന കാലം.

ഇതെല്ലാം ഇന്നു എവിടെയോ പോയിമറഞ്ഞു മക്കളേ!. ഇന്ന് എവിടെ നോക്കിയാലും അവിടെയെല്ലാം വയലുകൾ നിരത്തി നിരനിരയായി ഫ്ളാറ്റുകൾ കെട്ടിപ്പൊക്കിയിരിക്കുന്നു. വൻ വൻ കെട്ടിടങ്ങൾ, ഫാക്ടറികൾ, തിരക്കുപിടിച്ച് ഒടുന്ന ജനങ്ങൾ, ആർക്കും തമ്മിൽ സംസാരിക്കാൻ കൂടി സമയം ഇല്ലാത്ത കാലം ആധുനീകത എന്ന് അവകാശപ്പെടുന്ന ഇതിൽ നിന്നെല്ലാം പുറകോട്ടു പോകുവാൻ ആണ് കുഞ്ഞേ ആഗ്രഹിച്ചു പോകുന്നത്.”

അപ്പൂപ്പന്റെ വാദങ്ങളെ എതിർത്തു ഞാൻ പറഞ്ഞു, “അപ്പൂപ്പാ പണ്ട് എവിടെയെങ്കിലും പോകണമായിരുന്നെങ്കിൽ രണ്ട് ദിവസം മുൻപേ പൊതിയും കെട്ടി നടന്നു പൊയ്ക്കൊണ്ടിരുന്നതുപോലെ ഇന്നും കഴിയുമോ?”

‘‘മക്കളെ ഇന്നു പോകുന്ന ഈ പോക്കുപോയാൽ അന്തരീക്ഷ മലിനീകരണം കൊണ്ട് ഓക്സിജൻ പാളികൾ തകർന്നു കൊണ്ടിരിക്കുന്നു. കുടിവെള്ളത്തിനുവേണ്ടി നെട്ടോട്ടമോടുന്നു. കൃഷികൾ ഇല്ലാതാകുന്നു. മൃഗങ്ങൾക്ക് വംശനാശം സംഭവിക്കുന്നു. ആഹാരസാധനങ്ങൾ ഇല്ലാതാകുന്നു. വൃക്ഷലതാതികൾ ഒന്നും ഇല്ലാതെ മരുഭൂമിയായി മാറുന്നു. പച്ചിപ്പുകൾ എല്ലാം നഷ്ടപ്പെട്ടു ആഹാരം കിട്ടാതെ ജീവജാലങ്ങൾ മരിച്ചു വീഴുന്നു. മക്കളേ കുറച്ചുകാലംകൂടി ഇതുപോലെ പോയാൽ..........

സഞ്ചരിക്കുവാൻ വാഹനങ്ങൾക്കു പകരം സ്വന്തമായി പറന്നു നടക്കുവാൻ യന്ത്രങ്ങൾ ഘടിപ്പിച്ച മനുഷ്യൻ, ആഹാരത്തിനു പകരം വൈറ്റമിൻ ഗുളികകൾ മാത്രം. ബാത്ത് റൂം വേണ്ട, ആഹാരം വേണ്ട, പ്രത്യുൽപാദനം പോലും ഇല്ലാതാവുന്ന കാലം. ടെസ്റ്റ് റ്റ്യൂബ് ശിശുക്കളെ ജനിപ്പിച്ചു, പറന്നു നടക്കൻ ആവശ്യമായ യന്ത്രങ്ങളും വച്ച് പിടിപ്പിച്ച് ഓക്സിജൻ സിലിണ്ടറുകളും ഘടിപ്പിച്ച് ഭൂമിയിലേക്ക് ഇറക്കി വിടുന്ന കുഞ്ഞുങ്ങളെ നമ്മുക്ക് കാണാൻ കഴിയും അധികം വിദൂരമില്ലാതെ തന്നെ.

മറ്റു ജിവജാലങ്ങൾക്ക് ശ്വസിക്കുവാൻ ഓക്സിജൻ കിട്ടാതെ വരുന്നു. എല്ലാം നശിച്ചു പോയിട്ട് വൃക്ഷലതാതികൾ ഒന്നും ഇല്ലാതെ ഇവിടെ മരുഭൂമിയായി മാറും. പരീക്ഷണങ്ങളും കണ്ടുപിടിത്തങ്ങളും മാത്രമായി ആധുനിക മനുഷ്യൻ മാത്രം ഇവിടെ ബാക്കിയാകും. ഇനി ഏതാനും നിമിഷങ്ങൾ മാത്രമേ നമ്മുക്ക് ബാക്കിയുള്ളു. അതുകൊണ്ട് മക്കളേ ഇപ്പോൾ തന്നെ തുടങ്ങണം പ്രകൃതിയെ സംരക്ഷിക്കാൻ, ഭൂമിയെ രക്ഷിക്കുവാൻ, നമ്മളെ രക്ഷിക്കുവാൻ.”

അപ്പൂപ്പന്റെ ഈ വാക്കുകൾ എന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. അന്നേരം ഞാൻ അപ്പൂപ്പന്റെ മുന്നിൽ വച്ച് പ്രതിജ്ഞ എടുത്തു ഞാനും എന്റെ കൂട്ടുകാരും തുടങ്ങി വയ്ക്കുന്നു പ്രകൃതി സംരക്ഷണത്തിന് വേണ്ടുന്നതെല്ലാം........

**ഷിജിമോൾ എസ്.**



ബ്രിറ്റി ബിജു

# അറിവിന്റെ വിസ്മയ ജാലകം


1. ഇന്റർനെറ്റിന്റെ പിതാവ് ആര്? * വിന്റൺ സെർഫ്.
2. കേരളത്തിൽ വനമില്ലാത്ത ജില്ല? * ആലപ്പുഴ.
3. ലോക പുസ്തക ദിനം? * ഏപ്രൽ 23.
4. ഇ. വി. ആറിന്റെ പൂർണ രൂപം എന്ത്? * ഇലക്ട്രോ വീഡിയോ റെക്കോഡിങ്ങ്.
5. 2002- ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയതാര്? * ഇംമ്രി കെർത്തഡ് (ഹംഗറി).
6. പ്രാവിന്റെ ശാസ്ത്രീയ നാമം? * സ്ട്രപ്റ്റോ പീലിയ കൈനൽസിസ.
7. ലോകത്തിലെ ഏറ്റവും വലിയ പീഠഭൂമി? * ടിബറ്റ്.
8. മനുഷ്യശരീരത്തിലെ ഏറ്റവും കടുപ്പമുള്ള ഭാഗം? * പല്ലിന്റെ ഇനാമൽ.
9. കടൽ ജീവികളിൽ ഏറ്റവും ബുദ്ധിയുള്ള ജീവി? * ഡോൾഫിൻ.
10. സൂപ്പർ കമ്പ്യൂട്ടറിന്റെ പിതാവ്? * സിൽമർഗ്രേ.
11. മരുഭൂമിയില്ലാത്ത ഭൂഖണ്ഡം ഏത്? * യൂറോപ്പ്.
12. പുല്ലുവർഗത്തിന്റെ ഏറ്റവും വലിയ സസ്യം? * മുള.
13. വിത്തില്ലാത്ത ചക്ക ഏത്? * ചീമച്ചക്ക.
14. ലോകത്തിന്റെ കാപ്പിക്കലവറ? * ബ്രസീൽ.
15. ലബനോന്റെ തലസ്ഥാനം? * ബെയ്റൂട്ട്.
16. സുവർണ പഗോഡകളുടെ നാട്? * ബർമ്മ.
17. മരം കയറാൻ കഴിവുള്ള മത്സ്യം ഏത്? * അനാബസ്.
18. ഒരേ സസ്യത്തിലെയോ ഒരേ പുഷ്പത്തിലെയോ പൂമ്പൊടിയും ബീജാണ്ഡവും തമ്മിലുള്ള സംയോഗം? * ഓട്ടോഗാമി.
19. കുറുക്കന്റെ വാലിന് പറയുന്ന പേരെന്ത്? * ബ്രഷ്.
20. എന്താണ് സർഗാസ്സം? * കടൽപ്പായൽ.




Ardra Madhu



Aswini




Allen John



Durga Madhuri lal




Shalin Sunil



Aiswarya Jyothi



Aleena Ullas



Aleena Ullas




Abhinand P



Aleena Ullas



Arun A



Abhishek Satheesh



Nikhil




Aswini S



Arya Madhu



Nibin Mathews




Ardra Madhu



Linta Mathews




Vaidhnavi M



Abhirami S




Kukku








SivaJyothi B



# ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുന്നു എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടു വന്നിട്ടുണ്ട്. വിവര വിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്. ഇതിന്റെ തുടർച്ചയായാണ് സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ. ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പാക്കിയിരിക്കുന്നത്.

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ലിറ്റിൽ കൈറ്റ്സിന്റെ ഒരു യൂണിറ്റ് ചെന്നീർക്കര എസ്. എൻ. ഡി. പി. എച്ച്. എസ്സ്. എസ്സ്-ൽ 20-06-2018 മുതൽ പ്രവർത്തനം ആരംഭിച്ചു. സ്കൂൾതല ലിറ്റിൽ കൈറ്റ്സിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട ഹെഡ് മിസ്ട്രസ് എസ്. ഷീബ ടീച്ചർ നിർവ്വഹിക്കുകയും നിശ്ചിതയോഗത്തിൽ സ്കൂൾ മാനേജർ, പി.റ്റി.എ പ്രസിഡന്റ്, മദർ, പി.റ്റി.എ മെമ്പേഴ്സ്, രക്ഷകർത്താക്കൾ എന്നിവർ പങ്കെടുത്തു. കൈറ്റ് മിസ്ട്രസ്സുമാരായ അഞ്ജു ടീച്ചറും, കല ടീച്ചറും തുടർന്ന് ലിറ്റിൽ കൈറ്റ്സിനെക്കുറിച്ച് വിശദമായി ക്ലാസ്സെടുക്കുകയും ചെയ്തു.

തുടർന്നു വന്ന എല്ലാ ബുധനാഴ്ചകളിലും, ശനിയാഴ്ചകളിലും ഗ്രാഫിക്സ്, ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ, മലയാളം കംപ്യൂട്ടിംഗ്, ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് ലിറ്റിൽ കൈറ്റ്സ് ഞങ്ങളെ പരിചയപ്പെടുത്തിയത്.

വിവര വിനിമയ സാങ്കേതിക വിദ്യയുടെ ആരും തുറക്കാത്ത ജാലകം ലിറ്റിൽ കൈറ്റ്സിലൂടെ ഞങ്ങളിലേക്കെത്തി. തുടർന്നു നടന്ന ഓരോ പ്രവർത്തനങ്ങളിലും പൂർണ്ണ മനസ്സോടെ കൊച്ചു കൂട്ടുകാർ പങ്കെടുത്തു. അന്വേഷണാത്മകവും സർഗാത്മകവുമായിരുന്നു ഓരോ ക്ലാസ്സുകളും. മികവുറ്റതാക്കാൻ ഓരോ അധ്യാപകരോടൊപ്പം ഞങ്ങളും പ്രതിജ്ഞാബദ്ധരായിരുന്നു. സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്താൻ ഈ പദ്ധതിയിലൂടെ നമ്മുക്ക് സാധിച്ചു എന്ന് അഭിമാനത്തോടുകൂടി പറയാം. തുടർന്നു വരുന്ന വർഷങ്ങളിലും ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകട്ടെ എന്ന് ആശംസിക്കുന്നു.

**ശിവജ്യോതി. ബി**
(ലിറ്റിൽ കൈറ്റ്സ് ലീഡർ)



# സ്കൂൾ റിപ്പോർട്ട് 2018-19

1953ൽ സ്ഥാപിതമായ സ്കൂൾ 6 – ാം തരത്തിലും 8 – ാം തരത്തിലും ഓരോ ഡിവിഷനുകളുമായാണ് പ്രവർത്തനം ആരംഭിച്ചത്. ചക്കിട്ടപ്പടിയിലെ ഓലമേഞ്ഞ മുറിയിൽ ആരംഭിച്ച സ്കൂളിന്റെ പ്രഥമ അദ്ധ്യാപകൻ ചാക്കോസാർ ആയിരുന്നു.

2018 – 19 അദ്ധ്യായന വർഷത്തിൽ 850 വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്. 42 അദ്ധ്യാപകരും 6 അനദ്ധ്യാപകരും ഇവിടെ സേവനമനുഷ്ടിക്കുന്നു. ഈ അദ്ധ്യായന വർഷത്തിന് വർണ്ണാഭമായ തുടക്കം കുറിച്ചുകൊണ്ട് ജൂൺ 1 ന് പ്രവേശനോത്സവം വിപുലമായി ആഘോഷിച്ചു. മധുരവും, പഠനോപകരണങ്ങളും നൽകി ബാന്റുമേള ത്തോടും പ്രവേശന ഗാനത്തോടും കൂടി അവരെ സ്വാഗതം ചെയ്തു. തുടർന്ന് നിറദീപത്തോടെ ക്ലാസ്സുകളിലേക്ക്.....

ലോകപരിസ്ഥിതിദിനം, വായനാദിനം, പുകവലി വിരുദ്ധദിനം, സ്വാതന്ത്ര്യദിനം, ഹിരോഷിമാനാഗസാക്കിദിനം, അദ്ധ്യാ പകദിനം, ശിശുദിനം, ഭാഷദിനങ്ങൾ തുടങ്ങി ചരിത്രപ്രാധാന്യമുള്ള എല്ലാ ദിനങ്ങളും ഞങ്ങൾ ആഘോഷമാക്കി.

2017 – 18 അദ്ധ്യായന വർഷത്തിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ എല്ലാവരും ഉന്നതപഠനത്തിന് അർഹരായി. അവരുടെ ഉന്നത വിജയം പിൻതലമുറയ്ക്ക് ആവേശം പകരുന്നു...

2018 ആഗസ്റ്റ്മാസം ഉണ്ടായ സമാനതകൾ ഇല്ലാത്ത പ്രളയം ഞങ്ങളുടെ കൂട്ടുകാരേയും ബാധിച്ചു... ജാതിയുടേയും മതത്തിന്റെയും പണത്തിന്റെയും അതിർ വരമ്പുകൾ ഇല്ലാതെ അന്യോന്യം സഹായിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു... തിരിച്ചറിവുകളുടെ പ്രളയകാലത്തിനുശേഷം നവകേരള നിർമ്മാണത്തിലേക്കായി പതിനായിരത്തോളം രൂപ ഞങ്ങൾ സമാഹരിച്ച് ഹെഡ്മിസ്ട്രസിനെ ഏൽപിക്കുകയുണ്ടായി. കഴിഞ്ഞ വർഷം എട്ടാം ക്ലാസ്സുകാർക്കായി നാഷണൽ ലെവലിൽ നടത്തിയ എൻ.എം.എം.എസ് പരീക്ഷയിൽ ഈ സ്കൂളിലെ 12 കൂട്ടുകാർ സ്കോളർഷിപ്പിന് 60000 രൂപയ്ക്ക് അർഹരായി ഇതിന്റെ ആദ്യഗഡുവായ 12,000 രൂപ കുട്ടികളുടെ അക്കൗണ്ടുകളിലേക്ക് എത്തി. ഏഴാംക്ലാസ് വിദ്യാർത്ഥികൾക്കുള്ള യു.എസ്.എസ് പരീക്ഷയിലും സ്കൂളിന്റെ യശസ്സ് ഉയർത്തിയ വിജയത്തിന് ദേവസ്മൃതിയും അശ്വനിയും അഭിനന്ദനം അർഹിക്കുന്നു. തുടർന്ന് ഈ കുട്ടികൾ പ്രതിഭകൾക്കുള്ള പ്രത്യേക ക്ലാസ്സുക ളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നു. ബാലോത്സവം, അക്ഷരമുറ്റംക്വിസ്, പരിസ്ഥിതി ദിനം ക്വിസ്, ഹിരോഷിമാദിനം ക്വിസ്, (ബി.ആർ.സി ലെവൽ) തുടങ്ങിയവയിലെല്ലാം പങ്കെടുത്ത് പ്രശംസനീയമായ വിജയം നേടി.

കേരളാ സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജിയുടെ ഇൻകൾക്കേറ്റ് സ്കീം സംസ്ഥാനതല വിജയികൾ ഈ സ്കൂളിലെ അലീന ഉല്ലാസും ശിവജ്യോതിയുമാണ്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് എഡ്യുക്കേഷണൽ ടെക്നോളജി നടപ്പിലാക്കുന്ന ശാസ്ത്രജാലകം പദ്ധതിയിൽ ഈ സ്കൂളിലെ ആറുകുട്ടികൾ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിലൂടെ തിരഞ്ഞെടുക്കപ്പെട്ടു. ശിവ ജ്യോതി അലീന ഉല്ലാസ് സെലിൻ സാറ എബ്രഹാം, സുബിൻ കെ.എസ്, ജിഷ്ണു എം., രോഹിതി ആർ. എന്നിവരാണ് ആ കൊച്ചുമിടുക്കർ. പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ സംഗീത് കൃഷണ ബ്ലാക് ബെൽറ്റ് ചാമ്പ്യൻ ആയി തിരഞ്ഞെടു

ക്കപ്പെട്ടു.

ഈ അദ്ധ്യായന വർഷം ക്ലാസുകൾ ആരംഭിച്ചത് സ്മാർട്ട് റൂമുകളിലാണ് എന്നത് എടുത്തുപറയേണ്ടതാണ്. ഹൈസ്കൂൾ ക്ലാസുകളിലെ 5 ക്ലാസ് മുറികൾ എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടി ഒരുക്കിത്തന്നതിന് മാനേജർ സജീവ് സാറിനോടും, അദ്ധ്യാപകരോടും, പൂർവ്വ വിദ്യാർത്ഥികളോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

ഹൈടെക് സ്കൂളുകളിലെ കുട്ടികളുടെ ഐറ്റി കൂട്ടായ്മ ലിറ്റിൽ കൈറ്റ് ന്റെ യൂണിറ്റ് വളരെയധികം സജീവ മായ പ്രവർത്തനങ്ങളുമായി മുന്നോട്ട് നീങ്ങുകയാണ്. ഈ യൂണിറ്റിലെ കൊച്ചുകൂട്ടാകാർ ഒരുക്കിയ ആനിമേഷൻ വീഡിയോസ് കൗതുകമുണർത്തുന്നവയായിരുന്നു. ലിറ്റിൽ കൈറ്റ്സിന്റെ സബ്ജില്ലാതല ക്യാമ്പിന് ആതിഥേയരാകാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നു, തുടർന്ന് ഈ സ്കൂളിലെ ശിവജ്യോതി, അലീന ഉല്ലാസ്, ജിഷ്ണു, അനന്ദു എന്നിവർ ജില്ലാതല ക്യാമ്പിലക്ക് തിരഞ്ഞെടുക്കപ്പെട്ടു. കോഴഞ്ചേരി സബ്ജില്ലാ പ്രവർത്തിപരിചയമേളയ്ക്കും ഇവിടെ വേദിയൊരുങ്ങി... സബ്ജില്ലാ യുവജനോത്സവത്തിലും പ്രവ്രർത്തി പരിചയമേളയിലും ഐറ്റി മേളയിലും ഇക്കൊല്ലവും ഞങ്ങൾ ചാമ്പ്യൻഷിപ്പ് നിലനിർത്തി. ജില്ലാ തലത്തിൽ അഭിരാമി ബെന്നി, സച്ചുമോനും, നന്ദു രാജേഷും, സാന്ദ്ര ബിജുവും അഭിമാനാർഹമായ നേട്ടം കൈവരിച്ചു. സംസ്ഥാനതല പ്രവർത്തി പരിചയമേളയിൽ ഇലക്ട്രിക്കൽ വയറിംഗ് വിഭാഗത്തിൽ എ ഗ്രേഡ് നേടിയ ഷിജിമോൾ സ്കൂളിന് അഭിമാനമായി. സംസ്ഥാനതല ബാലോത്സവത്തിൽ കഥാപാത്ര നിരുപണത്ത് ഒന്നാമതായി എത്തി നിരഞ്ജന തിളക്കങ്ങളുടെ പട്ടികയിൽ ഒരു പൊൻതൂവൽ കൂടി ചാർത്തി.

പെട്രോളിയം കൺസർവേഷൻ ആൻഡ് റിസേർച്ച് അസോസ്സിയേഷന്റെ നേതൃത്വത്തിൽ ഡൽഹിയൽ നടക്കുന്ന തദ്ദേശിയതല ക്വിസ് കോമ്പറ്റീഷന് പങ്കെടുക്കുനന്നന്നിതനുവേണ്ടി തയ്യാറെടുപ്പുകൾ നടത്തികൊണ്ടിരിക്കുകയാണ് കൃഷണജിത്ത് ശിവകുമാറും ജിഷ്ണുവും. പി.സി.ആർ.എ യുടെ പെയിന്റിംഗ് കോമ്പറ്റീഷന് അഭിരാമി എസ്., അരുൺ എ., അഭിനവ് എസ്., ധനുഷ് റ്റി.മനോജ്, ദയ ദിലീപ്, ശ്രീലാൽ, ദുർഗാമാധുരി ലാൽ, ശിവാനി എന്നിവർ വിജയികളായി.

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികളായ ശ്രദ്ധ, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, നവപ്രഭ ഇവ യുടെപ്രവത്തനങ്ങൾ കാര്യക്ഷമമായിത്തന്നെ ഈ സ്കൂളിൽ നടക്കുന്നു.

വളർന്നു വരുന്ന കായികപ്രതിഭകൾക്ക് എല്ലാ വിധ പ്രചോദനങ്ങളും നൽകുന്ന ഞങ്ങളുടെ കായിക അദ്ധ്യാപ കൻ അജിത്ത് സാറിന്റെ നേതൃത്വത്തിൽ ഈ അദ്ധ്യായനവർഷം മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധച്ചു. 85 പോയിന്റോടുകൂടി സബ്ജില്ലാ കായികമേളയിൽ വജയികളാകുവാൻ നമ്മുടെ സ്കൂളിന് സാധിച്ചു. മേളയിലെ മിച്ച കളിക്കാരനായി നമ്മുടെ അഖിലേഷിനെ തിരഞ്ഞെടുക്കുകയുണ്ടായി. അദ്ദേഹത്തന്റെ നേതൃത്വത്തിൽ പെൺകുട്ടി കൾക്കും ആൺകുട്ടികൾക്കും പ്രത്യേകം യോഗപരിശീലനവും വോളിബോൾ പരിശീലനവും നൽകിവരുന്നു. സബ് ജില്ലാ ഗെയിംസിൽ പെൺകുട്ടികളുടെ വോളിബോളിൽ സ്കൂൾ ചാമ്പ്യനായി. കോട്ടയത്തു നടന്ന സംസ്ഥാന ഗെയിം സിൽ പത്തനംതിട്ട ജില്ലയെ ഈ കുട്ടികൾ പ്രതിനിധീകരിച്ചു.

ആർ.കെ.എസ്.കെ, റെഡ്ക്രോസ്, ബാന്റ്, എൻ.എസ്.എസ്, വിവിധ ക്ലബ്ബുകൾ എന്നിവ ഇവിടെ സജ്ജീവമായി പ്രവർത്തിക്കുന്നു. എല്ലാ കുട്ടികളും ഏതെങ്കിലുമൊരു ക്ലബ്ബിലെങ്കിലും അംഗമായിരിക്കണം എന്ന് നിർബന്ധമാണ്.

ഞങ്ങളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിൽ അദ്ധ്യാപകർക്കൊപ്പം രക്ഷിതാക്കളും സജ്ജീവ മായി ഇടപെടുന്നു. ശ്രീ.മാത്യു ഫിലിപ്പ് സാറിന്റെയും ജിനു ഉല്ലാസിന്റെയും (മദർ പിറ്റിഎ) നേതൃത്വത്തിലുള്ള ശക്ത മായ ഒരു പി.റ്റി.എ ഞങ്ങൾക്ക് വേണ്ട ഉപദേശങ്ങൾ നൽകുന്നു.

കുട്ടികളിലെ ജനാധിപത്യബോധം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി സ്കൂൾ പാർലിമെന്റ് തെരഞ്ഞെ ടുപ്പ് നടത്തുകയും രാജിത .ആർ സ്കൂൾ ലീഡർ ആയി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

പ്രകൃതിയിലേക്കുള്ള മടക്കയാത്ര –: പൊതുവിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. കുട്ടികളിൽ

കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുക എന്നത്. ഹരിതക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പച്ചകറി തോട്ടംവിപുല മായി നടക്കുന്നു. എല്ലാമാസവും വിളവെടുപ്പ് നടത്തി സ്കൂൾ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്നു.

പ്രകൃതിയാണ് ഏറ്റവും വലിയ പാഠപുസ്തകം എന്ന ആശയം ഉൾകൊണ്ടുകൊണ്ട് ഞങ്ങളുടെ സ്കൂൾ ഗ്രീൻപ്രോട്ടോകോൾ പാലിക്കുന്നു. പൂർവ്വ വിദ്യാർത്ഥികൾ, അദ്ധ്യാപകനദ്ധ്യാപകർ, എൻ.എസ്.എസ്, പിറ്റിഎ എന്നി വരുടെ സഹകരണത്തോടെ വിദ്യാലയ അന്തരീക്ഷത്തെ പ്ലാസ്റ്റിക് വിമുക്തമാക്കി. തുടർന്ന് പഞ്ചായത്ത് തലത്തിൽ പ്ലസ്റ്റിക് വിമക്ത സ്കൂളായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

സുസജ്ജമായ ഒരു ബാന്റ് ട്രൂപ്പ് സ്കൂളിൽ പ്രവർത്തിക്കുന്നു. സ്കൂളിലെ പ്രധാന പരിപാടികളും സമീപപ്ര ദേശങ്ങളിലെ കലാസാംസ്കാരിക പരിപാടികളും ഞങ്ങുടെ സാന്നിദ്ധ്യത്താൽ സമ്പുഷ്ടമാകുന്നു.

സഹപാഠിക്ക് ഒരു കൈത്താങ്ങ്:– വിഷമതകളും സാമ്പത്തിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന ഞങ്ങളുടെ സഹോദരങ്ങളെ താങ്ങിനിർത്തുന്ന പദ്ധതിയാണിത്. കഴിഞ്ഞ വർഷം മൂന്നു കൊച്ചുകൂട്ടുകാർക്ക് ഞങ്ങൾ തണലേകി.

പുസ്തകതൊട്ടിലും ക്ലാസ് ലൈബ്രറിയും:– പൂർവ്വ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും കൊച്ചുകൂട്ടു കാരുടേയും സഹായത്തിൽ ആരംഭിച്ച പുസ്തകതൊട്ടിൽ ദിനംതോറും വളർന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെ കിട്ടുന്ന പുസ്തകങ്ങളൊക്കെയും ഇപ്പോൾ ക്ലാസ് ലൈബ്രറിയിൽ കൂടി ഞങ്ങളിലെ അറിവ് വളർത്തുന്നു.

വിനോദയാത്ര പഠനയാത്ര:– വിനോദയാത്രകളും പഠനയാത്രകളും വിദ്യാഭ്യാസത്തിന്റെ ഭാഗം തന്നെ. വയനാട്ടിലെ ഇടയ്ക്കൽ ഗുഹയും ജൈനക്ഷേത്രവും ഒക്കെ ഈ അറിവിന് പുതിയ തലങ്ങൾ നൽകി.

സജ്ജീവമായ പ്രവർത്തനങ്ങളിലൂടെ സമ്പന്നമായ ഈ കലാലയവർഷത്തെ പ്രവർത്തന റിപ്പോർട്ട് ഏവരുടേയും മുമ്പിൽ സമർപ്പിച്ചുകൊള്ളുന്നു.

രാജിത ആർ.
സ്കൂൾ ലീഡർ

ആര്യ ആർ.
സ്കൂൾ ചെയർ പേഴ്സൺ












ചെന്നീർക്കര എസ്.എൻ.ഡി.പി.എച്ച്.എസ്.എസിലെ
ഒരുകൂട്ടം വിദ്യാർത്ഥി കളുടെ ചിന്തകളും സ്വപ്നങ്ങളും അക്ഷരത്തിൻ
ചിറകിലേറി പറന്നിറങ്ങുന്നു...
പട്ടത്തിലൂടെ......
ഈ സ്വപ്ന സാക്ഷാത്കാരത്തിനായി കൂടെ നിന്ന ഹെഡ് മിസ്സ്ട്രസ്.....
പ്രോത്സാഹനവും പിൻതുണയുമായി ഒപ്പം നിൽക്കുന്ന ഞങ്ങളുടെ
സ്വന്തം അഞ്ചു ടീച്ചർ.....
ചിന്തകളും ആശയങ്ങളും അക്ഷരങ്ങളായ് പകർത്തിയ വിദ്യാർത്ഥികൾ....
പട്ടത്തിന്റെ മാറ്റു കൂട്ടുവാൻ പരസ്യങ്ങൾ നൽകി സഹായിച്ചവർ.....
എല്ലാ  സുമനസ്സുകൾക്കും നന്ദി.......!
ഈ വിദ്യാലയത്തിൽ  എന്നെന്നും പട്ടം  പാറിനടക്കും  എന്ന പ്രതീക്ഷയിൽ.......
ആശംസകളോടെ,

വൈഷ്ണവി എസ്. വിജു
മാഗസിൻ എഡിറ്റർ